No. 185

JULY 2004

# KERALA PRIVATE COLLEGE TEACHER




THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION

KERALA PRIVATE
COLLEGE TEACHER

MONTHLY
JOURNAL OF
THE AKPCTA

No. 185 JULY 2004

EDITORIAL BOARD

*Chief Editor*
Dr. S. JAYARAJ KUMAR

*Managing Editor*
V.JAYAKUMAR

*Assistant Editor*
Dr. G.S. SURESH

*Members*
Thomas Joseph
A. Prathapachandran Nair
P. Reghunath
M.P. Vijayalekshmi
K. Sasidharan
T.N.Manoharan
Dr. R.B.Rajalekshmi
J. Raju
M.Shahul Hameed
M.S.Vasanthakumar
Dr. C.R.Prasad
Mathew J.Muttath
N.Rajan
Soman Nadar
Dr. T.A.Sudhakarakurup
Kavumbai Balakrishnan
Dr. C. Unnikrishnan
Anil Vallathol

inside

No.
# 185

## In Focus

### COMMON MINIMUM PROGRAMME

8 കേരളീയ വിദ്യാഭ്യാസം പുതിയ ദേശീയ സാഹചര്യത്തിൽ- സ്കൂൾ വിദ്യാഭ്യാസരംഗം
സി. ഉസ്മാൻ

12 ഉന്നതവിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങളും സാധ്യതകളും
പ്രൊഫ. തോമസ് ജോസഫ്

21 Common Minimum Programme in Education- BJVJ

30 Reading in Zero Degree
Prof. P.R. Harikumar

32 ഫ്രീഡം (കവിത)
ഡോ. വി. ചന്ദ്രകുമാർ

33 ഉള്ളൂർ വാർത്തയിൽ
എം. എസ്. വസന്തകുമാർ

42 Long live EK Nayanar (Poem)
Prof. K.V. Dominic

- Editorial • Economic Focus
- AIFUCTO News
- ശാസ്ത്രജാലകം
- സർക്കാർ ഉത്തരവുകൾ

visit www.akpcta.org

**എഡിറ്റോറിയൽ**

# സ്വാശ്രയബില്ല് മാനേജ്മെൻ്റുകളെ പ്രീണിപ്പിക്കാൻ

സ്വാശ്രയ പ്രൊഫഷണൽ കോളജുകളുടെ അമ്പതുശതമാനം സീററുകളിൽ യഥേഷ്ടം പ്രവേശനം നടത്താനും, ഇഷ്ടാനുസരണം ഫീസ് ചുമത്താനും അധികാരം നൽകുന്ന സ്വാശ്രയ പ്രൊഫഷണൽ കോളജ് ബില്ല് പ്രതിപക്ഷത്തിന്റെ ശക്തമായ എതിർപ്പു വകവെയ്ക്കാതെ നിയമസഭ പാസ്സാക്കി. സർക്കാർ നടത്തുന്ന പൊതു പ്രവേശന ലിസ്ററിൽ നിന്നുതന്നെ മാനേജ്മെന്റ് സീററിലേക്ക് പ്രവേശനം നൽകണമെന്നും സർക്കാർ നിയോഗിക്കുന്ന വിദഗ്ദ്ധ സമിതിയായിരിക്കണം ഈ സീററുകളിലേയ്ക്കുള്ള ഫീസ് ഘടന നിശ്ചയിക്കേണ്ടതെന്നും ഉള്ള ന്യായമായ ആവശ്യങ്ങൾ പോലും നിരാകരിക്കപ്പെട്ടു. ഈ ബില്ലിൻെറ ഉള്ളടക്കത്തിൽ കാണുന്ന ചില പ്രധാനപ്പെട്ട വൈരുദ്ധ്യങ്ങൾ ശ്രദ്ധിക്കപ്പെടേണ്ടതാണ് 'തലവരി' നിരോധിക്കാനെന്ന പേരിലാണ് ഈ ബില്ല് സൃഷ്ടിച്ചിരിക്കുന്നതെങ്കിലും 'തലവരി'യിലൂടെ ലഭിക്കാവുന്നത് വികസനഫണ്ട്, തിരിച്ചു നൽകാവുന്ന നിക്ഷേപം, എന്നീ വകുപ്പുകളിലൂടെ മാനേജ്മെന്റിന് സ്വയം തീരുമാനിച്ച് പിരിക്കാനുള്ള വ്യവസ്ഥ ഈ ബില്ലിലുണ്ട്. നിലവിലിരിക്കുന്ന സംവരണ വ്യവസ്ഥകൾ ഈ മാനേജ്മെന്റ് സീററുകളിൽ പാലിക്കപ്പെടാൻ ബില്ലിൽ വ്യവസ്ഥയില്ല. ഇത് സാമൂഹ്യനീതിയെ അപ്പാടെ അട്ടിമറിക്കുന്നതാണ്. ഈ ബില്ലിന്റെ വ്യവസ്ഥകളിൽ നിന്നും 'ഡീംഡ്' യൂണിവേഴ്സിററികളെ പൂർണ്ണമായും ഒഴിവാക്കിയിരിക്കുന്നു. ഇക്കാരണത്താൽ ഇത്തരം യൂണിവേഴ്സിററികളിൽ മാനേജ്മെന്റിന് മുഴുവൻ സീററിലും യഥേഷ്ടം അഡ്മിഷൻ നടത്താൻ സാധിക്കും. ഉദാഹരണമായി അമൃത ഇൻസ്ററിററ്യൂട്ടിൻെറ 100% സീററും മാനേജ്മെന്റിന്റേതായി മാറുന്നു. സ്വാശ്രയമേഖലയിലുള്ള പ്രൊഫഷണൽ കോഴ്സുകളായ ബി.എഡ്, എം.ബി.എ, എം.സി.എ, എൽ.എൽ.ബി മുതലായവ ഈ ബില്ലിന്റെ പരിധിയിൽ വരുന്നില്ല. ഇതിലൂടെ ഇത്തരം കോഴ്സുകൾ നടത്തുന്ന മാനേജ്മെന്റുകൾക്ക്

ഏതുതരത്തിലുള്ള പിരിവും തോന്നിയ പോലെ നടത്തുന്നതിനുള്ള ലൈസൻസ് നൽകിയിരിക്കുകയാണ്.

സ്വകാര്യ വിദ്യാഭ്യാസ മുതലാളിമാർക്ക് അനിയന്ത്രിത, അമിതാധികാരം നൽകുന്ന ഈ ബില്ലിലൂടെ മാനേജ്മെന്റുകൾക്കു മുന്നിൽ അടിയറവു പറയുന്ന സർക്കാരിന്റെ ദയനീയ ചിത്രമാണ് തെളിയുന്നത്. ഏതാനും വർഷങ്ങളായി വിദ്യാഭ്യാസമേഖലയിൽ നിലനിൽക്കുന്ന അസ്വാസ്ഥ്യങ്ങൾ പരിഹരിക്കുന്നതിന് ഉതകേണ്ടുന്ന ഈ ബില്ല് ഈ മേഖലയിൽ കൂടുതൽ സംഘർഷങ്ങളും പിടിവാശികളും നിയമപ്രശ്നങ്ങളും സൃഷ്ടിക്കുന്നതിനു മാത്രമേ സഹായിക്കൂ. പാലിയോട് മേരി മാതാകോളജിലെ സംഭവം ഇതിന് തെളിവാണ്. അവിടെ, മുൻ വർഷങ്ങളിൽ മെരിററ് സീററിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളെ ഉയർന്ന ഫീസ് നൽകാത്തതിന്റെ പേരിൽ പുറത്താക്കി. മററു ചില മാനേജ്മെന്റുകൾ, ഈ ഉയർന്ന ഫീസ് നൽകാത്തതിന് വർദ്ധിച്ച ഫൈൻ ഈടാക്കി വിദ്യാർത്ഥികളെ പീഢിപ്പിക്കുന്നു. മാനേജ്മെന്റുകളെ സഹായിക്കുന്ന ഈ ബില്ലിലൂടെ വിദ്യാർത്ഥി സംഘടനകളേയും സാമൂഹിക രാഷ്ട്രീയ സംഘടനകളേയും രക്ഷാകർത്താക്കളേയും ഒരു പ്രക്ഷോഭത്തിലേക്ക് നിർബന്ധപൂർവ്വം തള്ളിവിടുന്ന നയസമീപനമാണ് ഈ സർക്കാരിനുള്ളത്.

മാനേജ്മെന്റുകളെ ഇത്രയേറെ പ്രീണിപ്പിച്ചിട്ടും മതിയാകാതെ നിലവിലുള്ള മെരിററ് ഫീസ് വർദ്ധിപ്പിച്ച് മാനേജ്മെന്റിനുള്ള വരുമാനം കൂട്ടാനുള്ള തന്റെ 'ഹിഡൻ അജണ്ട' മന്ത്രി സുപ്പി നിയമസഭയിൽ പ്രഖ്യാപിക്കുകയുണ്ടായി. സർക്കാർ ഖജനാവിൽ നിന്ന് ശമ്പളം പററുന്ന അദ്ധ്യാപകരുടെ സേവനം സ്വാശ്രയ കോഴ്സുകൾക്ക് ലഭ്യമാക്കുന്ന 'രാജഗിരി' ഉത്തരവ് മാനേജ്മെൻറുകളുടെ താളത്തിനു തുള്ളുന്ന സർക്കാരിൻെറ ചിത്രം വെളിവാക്കുന്നു. കേരളത്തിലെ വിദ്യാഭ്യാസമേഖലയെ ഇവർ മുച്ചൂടും നശിപ്പിച്ചേ അടങ്ങൂ.

വിദ്യാഭ്യാസമേഖലയിൽ നിലനിൽക്കുന്ന ഈ പ്രക്ഷുബ്ദ്ധാവസ്ഥാന്തരീക്ഷത്തിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുപകരം ഭരണം നടത്തുന്ന കക്ഷികൾ ഉള്ളിലും പരസ്പരവും ചേരിപ്പോരിൽ മുഴുകി കഴിയുകയാണ്. വിദ്യാർത്ഥികളും അധ്യാപകരും നേരിടുന്ന ഈ സംഘർഷാവസ്ഥയ്ക്ക് ആരു പരിഹാരം കാണും?

# അനുസ്മരണം



ഭാഷയേയും സംസ്കാരത്തേയും
ത്രസിപ്പിച്ച മികച്ച രചനകളിലൂടെ
മലയാളത്തിൻെറ ഇടിമുഴക്കമായിരുന്നു
പൊൻകുന്നംവർക്കി. യാഥാസ്ഥിതികത്വത്തേയും
ജീർണ്ണതയേയും സർഗ്ഗാത്മകമായി നേരിട്ട അദ്ദേഹം
ഒരു 'ധിക്കാരി'യായിട്ടാണ് അറിയപ്പെട്ടിരുന്നത്.
സാമൂഹിക അസമത്വത്തിനെതിരെ പോരാടിയ
വിപ്ലവകാരിയായ വർക്കി ഒരിക്കലും
ഒത്തുതീർപ്പുകളിൽ വിശ്വസിച്ചിരുന്നില്ല.
രാഷ്ട്രീയവും, സാഹിത്യവും, പുരോഗമന ചിന്തയും
വേറിട്ടുള്ളതല്ലെന്ന് അദ്ദേഹം തെളിയിച്ചു.
വർക്കിയുടെ സാഹിത്യ സൃഷ്ടികൾ
ചിന്തോദ്ദീപകവും പ്രതിഭാധനവുമായിരുന്നു.
ജീവിതം കണ്ടെടുത്ത് അതിൽനിന്ന്
കഥയുണ്ടാക്കിയയാളാണ് പൊൻകുന്നംവർക്കി .
ധർമ്മ സംഹിതകളോട് നീതിപുലർത്താത്ത
'ക്ലർജി' യോട് അദ്ദേഹം മരണംവരെ സന്ധിയില്ലാ
സമരം ചെയ്തിരുന്നു. കേരളത്തിലെ
സാഹിത്യകാരൻമാരുടെ കൂട്ടായ്മയായ പുരോഗമന
സാഹിത്യസംഘമെന്ന വേദിയുണ്ടാക്കുകയും
ദീർഘകാലം അതിൻെറ അമരക്കാരനുമായിരുന്നു.
സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിൻെറ
രൂപീകരണത്തിലും മുഖ്യപങ്കുവഹിച്ചിട്ടുണ്ട്.
പാവപ്പെട്ടവരോടും, അവരോട് പ്രതിബദ്ധത
പുലർത്തുന്ന പ്രസ്ഥാനങ്ങളോടും
കൂറുപുലർത്തിയിരുന്ന ഈ മഹാനുഭാവൻെറ
നിര്യാണത്തിൽ ഞങ്ങൾ ദുഃഖിക്കുന്നു.

**പൊൻകുന്നംവർക്കിക്ക്**
**എ.കെ.പി.സി.ടി.എയുടെ ആദരാഞ്ജലികൾ.**

റിപ്പോർട്ട്

കേരള വിദ്യാഭ്യാസ സമിതി

# കേരളീയ വിദ്യാഭ്യാസം പുതിയ ദേശീയ സാഹചര്യത്തിൽ

## ഓപ്പൺഫോറം 27 ജൂൺ 2004

ഐക്യപുരോഗമനസഖ്യം രൂപം നൽകിയ പൊതുമിനിമം പരിപാടിയിൽ നിർദേശിക്കുന്ന വിദ്യാഭ്യാസമേഖലയിലെ മാററം ഏതുതരത്തിലായിരിക്കണം എന്നതിനെക്കുറിച്ച് സമഗ്രമായ ചർച്ച നടത്തണമെന്ന് പ്രശസ്ത ചരിത്രകാരനും സംസ്കൃത സർവ്വകലാശാലാ വൈസ് ചാൻസലറുമായ ഡോ. കെ എൻ പണിക്കർ പറഞ്ഞു. കേരള വിദ്യാഭ്യാസ സമിതി സ്ററുഡന്റ്സ് സെന്ററിൽ സംഘടിപ്പിച്ച ഓപ്പൺ ഫോറം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

വിദ്യാഭ്യാസമേഖലയിലെ കാവിവൽക്കരണം അപകടകരമായ സ്ഥിതിയിലേക്കു നീങ്ങുമ്പോഴാണ് കേന്ദ്രത്തിൽ രാഷ്ട്രീയമാററമുണ്ടായത്. രാജ്യത്തെ പല സ്ഥാപനങ്ങളും ആർ എസ് എസിന്റെ നിയന്ത്രണത്തിലാണ്. ഇത്തരം സ്ഥാപനങ്ങളുടെ തലപ്പത്തുള്ളവരെ മാററിയതുകൊണ്ടുമാത്രം കാര്യമില്ല. സ്ഥാപനങ്ങളുടെ ഘടനതന്നെ മാററണം. സമൂഹത്തിന്റെ സർവമേഖലയിലും വർഗീയതയുടെ വേരുകൾ ആഴ്ന്നിറങ്ങിയിട്ടുണ്ട്.

എൻ ഡി എ സർക്കാർ വിദ്യാഭ്യാസമേഖലയിൽ നടപ്പാക്കിയ വർഗീയവൽക്കരണം പൂർണമായും ഇല്ലാതാക്കാൻ വിപുലമായ ചർച്ചകളും പ്രചരണങ്ങളും സംഘടിപ്പിക്കണം. ഹിന്ദുത്വ ആശയങ്ങളിലൂന്നി എൻ സി ഇ ആർ ടി തയ്യാറാക്കിയ നിലവിലുള്ള പാഠപുസ്തകങ്ങൾ പിൻവലിക്കുക എന്നതാണ് പുതിയ സർക്കാർ ആദ്യം ചെയ്യേണ്ടത്. പക്ഷേ, ഇതുകൊണ്ടുമാത്രം വിദ്യാഭ്യാസമേഖലയിലെ കാവിവൽക്കരണത്തിന് അറുതിവരുത്താൻ കഴിയില്ലെന്ന് കെ എൻ പണിക്കർ പറഞ്ഞു.

എൻ സി ഇ ആർ ടി പാഠപുസ്തകങ്ങളിൽ ചരിത്രവസ്തുതകൾ വളച്ചൊടിക്കുകമാത്രമല്ല ചെയ്തത്, മറിച്ച് സർവമേഖലയിലും വ്യത്യസ്തമായ കാഴ്ചപ്പാടുകളും മൂല്യങ്ങളുമാണ് നടപ്പാക്കിയത്. ഇതിനുപുറമെ സംഘപരിവാറിന്റെ നിയന്ത്രണത്തിൽ രാജ്യത്തെങ്ങും പടർന്നുപന്തലിച്ചു നിൽക്കുന്ന വിദ്യാലയങ്ങളിലെ പ്രത്യേക പാഠപുസ്തകങ്ങൾ കടുത്ത വർഗീയ വിഷം ചീററുന്നവയുമാണ്. എൻ സി ഇ ആർടിയുടെ പുസത് ക ങ്ങ ൾ പിൻവലി ക്കുന്ന തോടൊപ്പം ഇക്കാര്യത്തിൽ എന്തു ചെയ്യാൻ കഴിയുമെന്നുകൂടി പരിശോധിക്കണം. ഇന്ന് കേരളവും ഇന്ത്യയും നേരിടുന്ന ഏററവും വലിയ പ്രതിസന്ധി പൊതുവിദ്യാഭ്യാസത്തിന്റെ തകർച്ചയാണ്. ഇതിനുപിന്നിൽ വലിയൊരു ഗൂഢാലോചനയുണ്ട്. പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം തകർത്ത് പ്രതിസന്ധി സൃഷ്ടിച്ചാൽ മാത്രമേ സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾക്ക് ഇവിടെ കടന്നുവരാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ സ്ഥാപിത താൽപര്യക്കാർ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസമേഖലയിൽ സ്വാശ്രയകോളേജ്

> **ഉന്നതവിദ്യാഭ്യാസമേഖലയിൽ സ്വാശ്രയകോളേജ് സങ്കൽപം തന്നെ ശക്തമായി എതിർക്കപ്പെടണം. ഒരു വിഭാഗം വിദ്യാർത്ഥികൾക്ക് പ്രവേശനം, ഫീസ്ഘടന തുടങ്ങിയവയിൽ നൽകുന്ന സൗജന്യത്തിന്റെ പേരിൽ സ്വാശ്രയസ്ഥാപനങ്ങളെ പിന്തുണയ്ക്കുന്നത് ഭാവിയിൽ പൊതു വിദ്യാഭ്യാസ മേഖലയുടെ പൂർണ തകർച്ചയ്ക്ക് വഴിവെക്കും.**



ഓപ്പൺഫോറം സംസ്കൃത സർവ്വകലാശാല വൈസ് ചാൻസലർ
ഡോ. കെ. എൻ. പണിക്കർ ഉദ്ഘാടനം ചെയ്യുന്നു.

സങ്കൽപം തന്നെ ശക്തമായി എതിർക്കപ്പെടണം. ഒരു വിഭാഗം വിദ്യാർത്ഥികൾക്ക് പ്രവേശനം, ഫീസ്ഘടന തുടങ്ങിയവയിൽ നൽകുന്ന സൗജന്യത്തിന്റെ പേരിൽ സ്വാശ്രയസ്ഥാപനങ്ങളെ പിന്തുണയ്ക്കുന്നത് ഭാവിയിൽ പൊതു വിദ്യാഭ്യാസമേഖലയുടെ പൂർണ തകർച്ചയ്ക്ക് വഴിവെക്കും.

എല്ലാ അർഥത്തിലും സർവകലാശാലകൾക്ക് പൂർണമായ സ്വയംഭരണം നൽകണം. സ്വയം ഭരണസ്ഥാപനങ്ങളാണ് സർവകലാശാലകളെന്നു പറയുന്നുണ്ടെങ്കിലും ഇത് വെറും തമാശമാത്രമാണ്. സ്വയംഭരണമെന്നാൽ ഭരണപരമായ സ്വയംഭരണംമാത്രമല്ല, അക്കാദമിക് സ്വയംഭരണത്തിനാണ് പ്രാധാന്യം നൽകേണ്ടത്. എന്നാൽ, സാമ്പത്തിക സഹായം നൽകുന്നെന്ന കാരണത്താൽ സർവകലാശാലകളുടെ ഭരണത്തിൽ സർക്കാർ ഇടപെടുന്നു. സ്വയംഭരണം ഉറപ്പുവരുത്താൻ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നിയമത്തിൽ കാതലായ മാററം വരുത്തണമെന്ന് കെ എൻ പണിക്കർ പറഞ്ഞു.

വിദ്യാഭ്യാസം ഇന്ന് സമ്പന്നവർഗത്തിന്റെ ശാക്തീകരണത്തിനുള്ള മാർഗമായി മാറിയെന്ന് ഓപ്പൺഫോറത്തിൽ അധ്യക്ഷനായിരുന്ന ഡോ. പി.കെ.രാജൻ പറഞ്ഞു. സാമൂഹ്യനീതിയുടെ നിഷേധമാണിത്. സമ്പന്നർക്കുവേണ്ടിയുള്ള വിദ്യാഭ്യാസനയത്തിന്റെ ഫലമായി പൊതുവിദ്യാഭ്യാസം തകർന്നു. എല്ലാതലത്തിലുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഉടമസ്ഥാവകാശം സ്വകാര്യമേഖലയ്ക്ക് തീറെഴുതിക്കൊടുത്ത് വിദ്യാഭ്യാസമേഖലയെ വികൃതമാക്കി. വിദ്യാഭ്യാസമേഖലയിലെ കാതലായ പ്രശ്നങ്ങളിൽപ്പോലും ജുഡീഷ്യറിയാണ് തീരുമാനമെടുക്കുന്നത്. സ്വാശ്രയമേഖലയുടെ കടന്നുവരവോടെയാണ് ദക്ഷിണേന്ത്യയിലെ മെഡിക്കൽ വിദ്യാഭ്യാസം തകർന്നത്. കേരളത്തിൽ വിപുലമായ അൺ എയ്ഡഡ് സ്ഥാപനങ്ങളെ സാമൂഹിക നിയന്ത്രണത്തിൽ കൊണ്ടുവരാൻ നിയമ നിർമാണം നടത്തണമെന്ന് പി.കെ.രാജൻ ആവശ്യപ്പെട്ടു. 'ഉന്നത വിദ്യാഭ്യാസരംഗം' എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ പ്രൊഫ. തോമസ് ജോസഫ് വിഷയാവതരണം നടത്തി. പ്രൊഫ. വി. കാർത്തികേയൻ നായർ മോഡറേററായിരുന്നു. 'സ്കൂൾ വിദ്യാഭ്യാസമേഖല' എന്ന വിഷയത്തിൽ സംഘടപ്പിച്ച സെമിനാറിൽ ശ്രീ.സി. ഉസ്മാൻ വിഷയം അവതരിപ്പിച്ചു. ഡോ. കെ.എൻ. ഗണേഷ് മോഡറേററായിരുന്നു. ■

# വിദ്യാഭ്യാസനയം തിരുത്തിക്കാൻ ശക്തമായ പ്രക്ഷോഭം വേണം:

– വി.എസ് അച്യുതാനന്ദൻ



**വിദ്യാഭ്യാസരംഗത്ത്** ജനദ്രോഹനയങ്ങൾ തുടരുന്ന യു ഡി എഫ് സർക്കാരിനെതിരെ അതിശക്തമായ സമരത്തിന് തയ്യാറെടുക്കണമെന്ന് പ്രതിപക്ഷനേതാവ് വി എസ് അച്യുതാനന്ദൻ പറഞ്ഞു. കേരള വിദ്യാഭ്യാസ സമിതി സംഘടിപ്പിച്ച ഓപ്പൺഫോറത്തിന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സർക്കാരിന്റെ ജനവിരുദ്ധ സമീപനങ്ങൾക്കെതിരെ രംഗത്തിറങ്ങാൻ വലിയൊരു വിഭാഗം ജനങ്ങൾ തയ്യാറെടുത്തുകഴിഞ്ഞു. അവരെയും പങ്കാളികളാക്കി വൻ ജനകീയ പ്രക്ഷോഭത്തിലൂടെ മാത്രമേ സർക്കാരിന്റെ നയം തിരുത്താനാവൂ. വിദ്യാഭ്യാസനയത്തിനെതിരെ വിദ്യാർത്ഥികൾ നടത്തിയ സമരം ഇതിന് ഉദാഹരണമാണ്. പൊലീസിനെ ഉപയോഗിച്ച് സമരത്തെ തകർക്കാൻ സർക്കാർ നടത്തിയ ശ്രമത്തെ കുട്ടികൾ സഹനത്തിലൂടെ പ്രതിരോധിച്ചു. ഒടുവിൽ സർക്കാർനയങ്ങൾക്കും വിദ്യാർത്ഥി പീഡനത്തിനുമെതിരെ രക്ഷിതാക്കളുടെ വൻ കൂട്ടം രംഗത്തിറങ്ങി.

ദേശീയതലത്തിൽ രൂപീകരിച്ച പൊതുമിനിമം പരിപാടിയുടെ ഭാഗമായി വിദ്യാഭ്യാസ വികസനത്തിന് നിരവധി പരിപാടികൾ തയ്യാറായിട്ടുണ്ട്. വിദ്യാഭ്യാസത്തിന് കൂടുതൽ പണം അനുവദിക്കും. ഉന്നതവിദ്യാഭ്യാസത്തിന് സഹായം നൽകാനും ദേശീയതലത്തിൽ തീരുമാനമുണ്ട്. എന്നാൽ, ഇതൊന്നും അറിയില്ലെന്നമട്ടിലാണ് മുഖ്യമന്ത്രി എ കെ ആന്റണിയും നാലകത്ത് സൂപ്പിയും പ്രവർത്തിക്കുന്നത്. ഏകീകൃത യൂണിവേഴ്സിററി ബില്ലും എയ്ഡഡ്. സ്കൂൾ കോളേജുകളിൽ അൺ എയ്ഡഡ് കോഴ്സ്കുകൾ ആരംഭിക്കാനുള്ള നീക്കവും എന്തും ചെയ്യാമെന്ന സർക്കാരിന്റെ ധിക്കാരത്തിന്റെ ഭാഗമാണെന്ന് വി എസ് പറഞ്ഞു. ■

കേരളീയ വിദ്യാഭ്യാസം
പുതിയ ദേശീയ സാഹചര്യത്തിൽ

ഓപ്പൺഫോറം 27 ജൂൺ 2004

# സ്കൂൾ വിദ്യാഭ്യാസ രംഗം

– സി. ഉസ്മാൻ
കെ. എസ്. ടി. എ

'പൊതുവിദ്യാഭ്യാസം' എന്ന വാക്ക് അന്വർഥമാകുന്നത്, കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസമേഖലയിലാണ്. 'പൊതു'(കോമൺ) എന്നു വിളിക്കാവുന്ന ഏറ്റവും വലിയ മേഖലയാണിത്. 6554 എൽ. പി. സ്കൂളുകൾ, 2827 യു.പി സ്കൂളുകൾ, 2393 ഹൈസ്കൂളുകൾ, 928 ഹയർ സെക്കണ്ടറി സ്കൂളുകൾ, 102 ടി.ടി.ഐ കൾ, 375 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ എന്നിവ ഉൾപ്പെടുന്ന അതിബൃഹത്തായ ഒന്നാണ് നമ്മുടെപൊതുവിദ്യാഭ്യാസശൃംഖല. കേരളത്തിൽ സ്കൂൾ വിദ്യാഭ്യാസം ഇങ്ങനെ പൊതുവും സാർവ്വത്രികവുമായത് കേരളത്തിന്റെ പ്രത്യേക സാമൂഹ്യ രാഷ്ട്രീയ സാഹചര്യങ്ങളിലാണ്. സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങൾ, മിഷനറിമാർ, ഇടതുപക്ഷ പ്രസ്ഥാനങ്ങൾ എന്നിവരുടെയെല്ലാം നിരന്തരമായ പ്രവർത്തനങ്ങളുടെ ഭാഗമായാണ് കേരളത്തിൽ വിദ്യാഭ്യാസ വ്യാപനം നടന്നത്. കാഴ്ചപ്പാടുകളിലും ലക്ഷ്യങ്ങളിലും ഇത്തരം ശക്തികൾ തമ്മിൽ ചില വൈരുദ്ധ്യങ്ങളുണ്ടായിരുന്നെങ്കിലും വിദ്യാഭ്യാസത്തിന്റെ വ്യാപനത്തെ ഇവരുടെ പ്രവർത്തനങ്ങൾ സഹായിച്ചു. കീഴ്ജാതിക്കാരനെ മനുഷ്യനാക്കാനുള്ള പോരാട്ടത്തിലും മത പ്രചാരണ ലക്ഷ്യങ്ങളുമുണ്ടായിരുന്നെങ്കിൽപ്പോലും മനുഷ്യസ്നേഹ പ്രചോദിതരായി മിഷനറിമാർ നടത്തിയ പ്രവർത്തനങ്ങൾക്കും തൊഴിലാളി- കർഷകാദി ജനവിഭാഗങ്ങളെ സംഘടിപ്പിച്ച് ചൂഷണത്തിനെതിരായി ഇടതുപക്ഷ പ്രസ്ഥാനങ്ങൾ നടത്തിയ പോരാട്ടങ്ങൾക്കും വളരെയേറെ സമാനഭാവങ്ങളുണ്ടായിരുന്നു. ഇതിന്റയെല്ലാം ഫലമായി കേരളീയ സമൂഹത്തെ പൊതുവെ 'ഇടതുപക്ഷ' ആശയങ്ങൾ സ്വാധീനിക്കുകയും വിദ്യാഭ്യാസം 'പൊതു' ആകണം, എല്ലാവർക്കും അവകാശപ്പെട്ടതാകണം എന്ന ചിന്തക്ക് മുൻതൂക്കം ലഭിക്കുകയും ചെയ്തു. 1957 ലെ കമ്മ്യൂണിസ്റ്റു മന്ത്രിസഭയുടെ കാലത്ത് ജോസഫ് മുണ്ടശ്ശേരി കൊണ്ടു വന്ന വിദ്യാഭ്യാസബില്ല് എന്തൊക്കെ എതിർപ്പുണ്ടായെങ്കിലും പൊതുവിദ്യാഭ്യാസത്തിന്റെ അടിത്തറ കൂടുതൽ ശാസ്ത്രീയവും ഉറപ്പുള്ളതുമാക്കുന്നതിൽ വലിയ പങ്കു വഹിച്ചു.

സെക്യൂലർ സ്വാഭാവമുള്ള പാഠ്യപദ്ധതിയും ജാതി- മത- ലിംഗ ഭേദങ്ങൾ കൂടാതെ കുട്ടികൾക്ക് ഒരുമിച്ചിരുന്നു പഠിക്കാവുന്ന പള്ളിക്കൂടങ്ങളും കേരളീയ സമൂഹത്തെ 'മതസഹിഷ്ണുത' എന്ന പ്രാധമിക ബോധത്തിൽ നിന്ന് മതസൗഹാർദ്ദത്തിലേക്കും കൂടുതൽ ഉദാത്തമായ മാനവസൗഹാർദ്ദത്തിലേക്കും ഉയർത്തുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചു. വിദ്യാഭ്യാസത്തിലൂടെ മാനവവിഭവം എങ്ങനെ വികസിപ്പിക്കാമെന്നതിനും അതുവഴി ചുരുങ്ങിയ സമ്പത്തുകൊണ്ട് എങ്ങനെ ജനങ്ങളുടെ ജീവിത നിലവാരം പരമാവധി ഉയർത്താമെന്നതിനും കേരളം ഒരു മാതൃകയാണ്. അതാണ് ലോകത്ത് പലപ്പോഴും ചർച്ച ചെയ്യപ്പെടുന്ന കേരള വികസന മാതൃക.

സാമ്പത്തികരംഗത്ത് വലിയ അന്തരവും മത്സരവും നിലനില്കുന്ന ഒരു സമൂഹത്തിൽ അത്തരം താല്പര്യങ്ങൾ വിദ്യാഭ്യാസത്തെയും സ്വാധീനിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. പൊതുവും സാർവ്വത്രികവുമായ ഒരു മേഖലയിൽ മത്സരത്തിനു വലിയ പ്രസക്തിയില്ലെന്നതുകൊണ്ട് ഈ മേഖലയെ സ്വാകാര്യവല്കരിക്കാനുള്ള സമ്മർദ്ദങ്ങളും ശ്രമങ്ങളും വിദ്യാഭ്യാസക്കച്ചവടക്കാരുടെ ഭാഗത്തുനിന്നും സമൂഹത്തിലെ വരേണ്യരായ ഒരു വിഭാഗത്തിൽ നിന്നും ഉണ്ടായിട്ടുണ്ട്. എല്ലാവർക്കും ലഭ്യമാകുന്ന ഒന്ന് ഗുണനിലവാരം കുറഞ്ഞതാണെന്നും ഒരു ചെറിയ വിഭാഗത്തിന് മാത്രം ലഭ്യമാകുന്ന ഗുണമേന്മ കൂടിയതാണെന്നുമുള്ള ആശയങ്ങൾ ബോധപൂർവ്വം പ്രചരിപ്പിക്കപ്പെട്ടു. 'പൊതു' എന്ന വാക്കിനു തന്നെ 'ഗുണനിലവാരം' കുറഞ്ഞത് എന്ന അർത്ഥം ആരോപിക്കപ്പെട്ടു. 1990 കളോടെ ആക്കം കൂടിയ പുത്തൻ സാമ്പത്തികനയം ഈ ധാരണകളെ ശക്തിപ്പെടുത്തി. പൊതുവായ എല്ലാത്തിന്റെയും കാവലാളാവേണ്ട ഭരണകൂടം അതിന്റെ ചുമതലകൾ

സ്വയം പുനർനിർവ്വചിച്ചു. വിദ്യാഭ്യാസം, ആരോഗ്യം, ഭക്ഷ്യവിതരണം തുടങ്ങിയ മേഖലകളിൽ നിന്നെല്ലാം സർക്കാർ സ്വയം പിന്മാറുകയും അത്തരം ചുമതലകളെല്ലാം മൂലധന കമ്പോള ശക്തികൾക്ക് വിട്ടുകൊടുക്കുകയും ചെയ്തു. ജനങ്ങളുടെ മൊത്തം ക്ഷേമത്തിന്റെ സംരക്ഷകരാവേണ്ട സർക്കാർ മൂലധന താൽപര്യങ്ങളുടെ മാത്രം കാവലാളായി മാറി.

1990 കളിൽ, അന്ന് കേന്ദ്രം ഭരിച്ചകോൺഗ്രസ്സ് ഗവൺമെണ്ട് തുടങ്ങിവെച്ചതും പിന്നീട് അധികാരത്തിൽ വന്ന എൻ. ഡി. എ സർക്കാർ ശക്തിപ്പെടുത്തിയതുമായ ഈ നയം കേരളത്തിൽ ഒരു പരിധി വരെ പ്രതിരോധിക്കപ്പെട്ടു. 1996 മുതൽ 2001 വരെ കേരളം ഭരിച്ച ഇടതുമുന്നണി സർക്കാരിന് വ്യത്യസ്ഥമായ ഒരു നയമുണ്ടയിരുന്നതുകൊണ്ടും മാനുഷിക മുഖമില്ലാത്ത ആഗോളവൽക്കരണനയത്തോട് കേരളജനത ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചതുകൊണ്ടുമാണ് കേരളത്തിൽ ഇതു സംഭവിച്ചത്.

മൂന്നു വർഷം മുമ്പ് അധികാരത്തിൽ വന്ന യു.ഡി.എഫ് സർക്കാർ വിദ്യാഭ്യാസ രംഗത്ത് കമ്പോള വൽക്കരണ സ്വാകാര്യവല്കരണ നീക്കങ്ങളാണ് ആരംഭിച്ചത്. 2500 ലധികം വിദ്യാലയങ്ങളെ അൺ-എക്കണോമിക്ക് പട്ടികയിലുൾപ്പെടുത്തി പൂട്ടൽ നടപടികളാരംഭിച്ചു. വലിയ ജനകീയ ചെറുത്തുനില്പുണ്ടായപ്പോൾ പൂട്ടുന്ന സ്കൂളുകളുടെ എണ്ണം താല്ക്കാല ചുരുക്കി 48 വിദ്യാലയങ്ങൾ പൂട്ടി. കുട്ടികളുടെ എണ്ണം കുറയുന്നതിന്റെ പേരിൽ സ്കൂളുകൾ പൂട്ടുന്ന സർക്കാർ സാമ്പത്തിക ശേഷിയുള്ളവർക്ക് പഠിക്കാനായി പുതുതായി 738 അൺ. എയ്ഡഡ് സ്കൂളുകളനുവദിച്ചു. 332 ഹയർസെക്കണ്ടറികളും 95 ടി.ടി.ഐകളും 75 ബി. എഡ് കോളജുകളും അൺ എയ്ഡഡ് മേഖലയിൽ അനുവദിച്ചു. തസ്തിക നഷ്ടപ്പെട്ട നൂറുണക്കിന് അധ്യാപകരുടെ തൊഴിൽ നഷ്ടപ്പെടുകയും പ്രൊട്ടക്ഷന് അർഹതയുള്ളവരെപ്പോലും ഡിപ്ലോയ് ചെയ്യാൻ തസ്തിക ഇല്ലാത്തതുകൊണ്ട് പുറത്ത്നില്ക്കേണ്ടി വരികയും ചെയ്യുമ്പോഴാണ് ഈ നടപടികൾ. പുതിയ മൂല്യനിർണ്ണയ രീതിയനുസരിച്ച് കലാ-കായിക- പ്രവൃത്തിപരിചയ വിഷയങ്ങൾക്ക് വലിയ പ്രാമുഖ്യമുണ്ടെങ്കിലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തികകൾ ഒരു തത്ത്വദീക്ഷയുമില്ലാതെ വെട്ടിച്ചുരുക്കുകയും ചെയ്യുന്നു.

യു. ഡി. എഫ് സർക്കാരിന്റെ ഇത്തരം നയങ്ങൾക്ക് മാർഗ്ഗരേഖയായിട്ടുള്ളത് ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് മുന്നോട്ടുവെച്ച നിർദ്ദേശങ്ങളും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഭരണനവീകരണ പരിപാടിയുമാണ്. വിദ്യാഭ്യാസം മുതൽ കുടിവെള്ളം വരെ വെറുതെ കിട്ടേണ്ട

**അതിബൃഹത്തും കേരളീയജീവിതത്തിന്റെ എല്ലാ തലങ്ങളെയും സ്പർശിക്കുന്നതുമായ നമ്മുടെ പൊതുവിദ്യാഭ്യാസ മേഖലയ്ക്കുനേരെ വലിയ വെല്ലുവിളി ഉയരുന്നുവെന്നത് യാഥാർഥ്യമാണ്. അതു നിലനിർത്തി സംരക്ഷിക്കേണ്ട സർക്കാരിന്റെ ഭാഗത്തുനിന്നുതന്നെയാണ് ഈ വെല്ലുവിളി ഉയരുന്നുവെന്നതാണ് വലിയ ആശങ്കയുണർത്തുന്നത്.**



തല്ലെന്നും ആളുകൾ അവരുടെ കഴിവനുസരിച്ച് വിലകൊടുത്തുവാങ്ങേണ്ടതാണെന്നുമുള്ള പുതിയ കമ്പോളതത്വശാസ്ത്രം, പ്രചരിപ്പിക്കപ്പെടുകയാണ്. നിലവിലുള്ള പൊതുവിദ്യാലയങ്ങളെ Uneconomic എന്നോ Unsustainable എന്നോ പേരിട്ട് അടച്ചുപൂട്ടി ആദായകരമായ മറ്റാവശ്യങ്ങൾക്ക് കൈമാറാനുമുള്ള സമയവിവരപ്പട്ടികപോലും പ്രസിദ്ധീകരിച്ചിരിക്കുന്നു.

ഐ.ടി. പാഠ്യപദ്ധതിയുടെ ഭാഗമാവുകയും നിർബന്ധിത വിഷയമാക്കുകയും ചെയ്തത് ഈ രംഗത്തെ അഭിമാനകരമായ നേട്ടമായി സർക്കാർ ഉദ്ഘോഷിക്കുന്നുണ്ട്. എന്നാൽ മൈക്രോസോഫ്റ്റ്, ഇന്റൽ തുടങ്ങിയ കമ്പനികൾക്ക് കോടിക്കണക്കിനു രൂപ പല ഇനങ്ങളിലായി കേരളത്തിൽ നിന്ന് പിഴിഞ്ഞെടുക്കാനുള്ള അവസരമാണ് ഐ. ടി പഠനത്തിലൂടെ ഇപ്പോൾ സർക്കാർ ഉണ്ടക്കിയിട്ടുള്ളത് . മാത്രമല്ല കുട്ടികൾക്ക് ഫീസ്സ് ഈടാക്കിക്കൊണ്ട് പഠനത്തിനുള്ള ചെലവ് കണ്ടെത്തണമെന്ന നിർദ്ദേശം സൗജന്യവും സാർവ്വത്രികവുമായ സ്കൂൾവിദ്യാഭ്യാസം എന്ന തത്വത്തെ അട്ടിമറിക്കുന്നു. ഐ.ടി നിർബന്ധ വിഷയമാക്കുമ്പോഴും അത് പഠിപ്പിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുവാനോ അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം നല്കുവാനോ സർക്കാരിന് കഴിഞ്ഞില്ല. കമ്പ്യൂട്ടർ സോഫ്റ്റ്വെയർ,

ഹാർഡ്‌വെയർ കച്ചവടത്തിലെ ഭീമമായ കമ്മീഷനിൽ മാത്രം കണ്ണുവച്ചുകൊണ്ടാണ് ഐ.ടി രംഗത്തെ ഓരോ നടപടിയും. പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്താനുള്ള സർവശിക്ഷാ അഭിയാൻ പദ്ധതി കേരളത്തിന് അനുയോജ്യമായ രീതിയിലല്ല ഇന്നു നടക്കുന്നത്. വിദ്യാഭ്യാസവ്യാപനത്തിന്റെ കാര്യത്തിൽ വളരെ പിന്നിൽ നില്ക്കുന്ന ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെ മുന്നിൽ കണ്ടുകൊണ്ട് കേന്ദ്രസർക്കാർ തയ്യാറാക്കിയ മാനദണ്ഡങ്ങളനുസരിച്ചാണ് കേരളത്തിലെ പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളത്. വിദ്യാഭ്യാസത്തിന്റെ ഗുണമേൻമ വർദ്ധിപ്പിക്കാനോ അദ്ധ്യാപക-വിദ്യാർഥി അനുപാതം കുറക്കാനോ ഈ ഫണ്ട് ഉപയോഗപ്പെടുത്തിയില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ പ്രോജക്ടുകൾ മെച്ചപ്പെടുത്താനും ഈ പദ്ധതി കൊണ്ട് കഴിയുന്നില്ല. ധൂർത്തും ദുർവ്യയവും അഴിമതിയുമാണ് ഈ രംഗത്ത് ഇന്ന് നടക്കുന്നത്. ഈ പ്രോജക്ട് കേരളത്തിനനുയോജ്യമായ രീതിയിൽ പുന:സംഘടിപ്പിക്കപ്പെടണം.

പന്ത്രണ്ടാംതരം വരെയുള്ള വിദ്യാഭ്യാസം സാധാരണക്കാരുടെ കുട്ടികൾക്ക് കൈയെത്താവുന്ന ദൂരത്തിലാക്കുകയെന്ന ലക്ഷ്യത്തോടെയാണ് സ്കൂളുകളോടനുബന്ധിച്ച് +2 ആരംഭിച്ചത്. ദേശീയഘടനകയ്ക്ക് അനുസൃതം കൂടിയാണത്. എന്നാൽ ഈ മേഖലയിലും വലിയ തോതിൽ കച്ചവടവല്കരണവും സ്വകാര്യവല്കരണവുമാണ് യു.ഡി. എഫ് സർക്കാർ നടത്തിയത്. 332 ഹയർസെക്കണ്ടറി സ്കൂളുകൾ അൺ- എയ്ഡഡ് മേഖലയിൽ ആരംഭിച്ചു. വീണ്ടും അൺ- എയ്ഡഡ് സ്കൂളുകൾ, എയ്ഡഡ് സ്കൂളുകൾ, അൺ എയ്ഡഡ് ബാച്ചുകൾ തുടങ്ങി ഈ പ്രക്രിയ തുടരുകയാണ്.

പുതുതായി 206 ഗവൺമെൻറ് സ്കൂളുകളിൽ +2 കോഴ്സ് അനുവദിക്കാനുള്ള തീരുമാനം ഈ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായത് കൂരിരുട്ടിൽ ഒരു രജതരേഖയായിത്തന്നെ കാണണം. എന്നാൽ ഇതിനുള്ള ഭൗതിക സൗകര്യങ്ങൾ മുഴുവൻ പി.ടി. എ കൾ ഉണ്ടാക്കണമെന്ന നിർദ്ദേശം ആശങ്കാജനകമാണ്. പിന്നോക്ക പ്രദേശങ്ങളിലുള്ള പി.ടി. എ കൾക്ക് ശേഷിയില്ലെന്ന വസ്തുത കണക്കിലെടുക്കുമ്പോൾ ഈ പ്രഖ്യാപനം എത്രത്തോളം പ്രായോഗികമാകും എന്ന കാര്യത്തിൽ സംശയമുണ്ട്. സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സ്കൂൾ വികസന സമിതികളുടെയും സഹായത്തോടെ ഇത് യാഥാർത്ഥ്യമാക്കാൻ കഴിയണം.

വൊക്കേഷണൽ ഹയർസെക്കണ്ടറി മേഖലയിൽ നമുക്ക് 375 സ്കൂളുകളുണ്ടെങ്കിലും അത്തരം കോഴ്സുകളെ ജീവിതഗന്ധിയായ തൊഴിലുകളുമായി ബന്ധപ്പെടുത്താനോ ആകർഷകമാക്കാനോ കഴിയുന്നില്ല. ഹയർസെക്കണ്ടറി പ്രവേശനം കിട്ടാത്ത കുട്ടികൾ അവസാനത്തെ അത്താണിയായി കാണുന്ന ഈ കോഴ്സുകളെ ഒരു തൊഴിലിലേക്കു പോകാനുള്ള ഉപാധിയെന്ന നിലയിലല്ല മറിച്ച് ഉപരിപഠനത്തിനുള്ള ചവിട്ടുപടിയെന്ന നിലയിലാണ് കണക്കാക്കപ്പെടുന്നത്. തൊഴിൽ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ഈ കോഴ്സുകളുടെ കരിക്കുലം പരിഷ്കരിക്കണം .സ്കൂളുകളിൽ അതിനാവശ്യമായ ഭൗതികസൗകര്യങ്ങൾ ഒരുക്കുകയും യോഗ്യരായ അധ്യാപകരെ നിയമിക്കുകയും വേണം.

എഴുത്തുപരീക്ഷയെ മാത്രം ആധാരമാക്കി കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുന്ന പഴയരീതിയ്ക്കു പകരം പുതിയ മൂല്യനിർണ്ണയരീതിയിലേക്കും ഗ്രേഡിംഗിലേക്കും മാറുന്നത് സ്വാഗതാർഹമാണ്. അത് സ്കൂളുകളിൽ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പ്രായോഗികമായി നടത്താവുന്ന രീതിയിൽ ലഘൂകരിക്കുകയും ശാസ്ത്രീയമാക്കുകയും വേണം. മാത്രമല്ല, അധ്യാപകർക്ക് ഇക്കാര്യത്തിൽ വേണ്ടത്ര പരിശീലനവും രക്ഷിതാക്കൾക്ക് ബോധവല്കരണവും ആവശ്യമാണ്. അതിബൃഹത്തും കേരളീയജീവിതത്തിന്റെ എല്ലാ തലങ്ങളെയും സ്പർശിക്കുന്നതുമായ നമ്മുടെ പൊതുവിദ്യാഭ്യാസ മേഖലയ്ക്കുനേരെ വലിയ വെല്ലുവിളി ഉയരുന്നുവെന്നത് യാഥാർഥ്യമാണ്. അതു നിലനിർത്തി സംരക്ഷിക്കേണ്ട സർക്കാരിന്റെ ഭാഗത്തുനിന്നുതന്നെയാണ് ഈ വെല്ലുവിളി ഉയരുന്നുവെന്നതാണ് വലിയ ആശങ്കയുണർത്തുന്നത്. എന്നാൽ പൊതുവായ എല്ലാറ്റിനെയും നിരാകരിക്കുകയും എല്ലാം കമ്പോളതാല്പര്യങ്ങൾക്ക് അടിയറവെക്കുകയും ചെയ്യുന്ന നയങ്ങൾ ഇന്ത്യയിൽ തിരുത്തപ്പെടുകയാണ്. മാനുഷികമുഖമില്ലാത്ത ആഗോളവല്കരണ നയങ്ങൾക്കെതിരായ ജനവികാരമാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ പ്രകടമായത്. ആഗോളവല്കരണ നയങ്ങളുടെ വക്താക്കളിലും പ്രയോക്താക്കളിലും പ്രമുഖനായ നമ്മുടെ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗു തന്നെ അക്കാര്യം അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ജനാഭിലാഷം കൂടുതൽ പ്രകടമാവുന്ന 'പൊതുമിനിമം' പരിപാടി അംഗീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

വിദ്യാഭ്യാസരംഗത്തെ കാവിവല്കരണം അവസാനിപ്പിക്കും വിദ്യാഭ്യാസത്തിനുള്ള ബജറ്റ് വിഹിതം 6% മാക്കും, ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും ഉച്ചഭക്ഷണപരിപാടി നടപ്പാക്കും. പാവപ്പെട്ടവർക്കും ഉന്നതവിദ്യാഭ്യാസത്തിന് അവസരമൊരുക്കും തുടങ്ങിയ പ്രഖ്യാപനങ്ങൾ സ്വാഗതാർഹമാണ്. ഇതിനനുസൃതമായ തിരുത്തലുകളും നയവ്യതിയാനങ്ങളും കേരളത്തിലെ വിദ്യാഭ്യാസമേഖലയിലും ആവശ്യമാണ്. സർക്കാർ മേഖലയിൽ 206 പ്ലസ്ടു. സ്കൂളുകൾ അനുവദിച്ചത് അതിന്റെ ഭാഗമാണെങ്കിലും സ്വാഗതാർഹമാണ്.

വിദ്യാഭ്യാസകച്ചവടം അവസാനിപ്പിക്കാനും പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്താനുമുള്ള നീക്കങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായേ മതിയാവൂ.ഇക്കാര്യത്തിൽ ജനകീയ സമ്മർദ്ദങ്ങൾ ഉയർത്തിക്കൊണ്ടു വരേണ്ടതുണ്ട്. പൊതുവിദ്യാഭ്യാസം തകരുന്ന മേഖലയാണെന്നും സ്വകാര്യ അൺ എയ്ഡഡ്- മേഖല ശക്തി പ്രാപിക്കുന്ന ഒന്നാണെന്ന ധാരണ ജനങ്ങളിൽ രൂഢമൂലമായിട്ടുണ്ട്. ഈ ധാരണ തിരുത്താനുള്ള സംഘടിതമായ പ്രചാരണങ്ങളും പ്രവർത്തനങ്ങളും ആവശ്യമാണ്. നമ്മുടെ അതിബൃഹത്തായ പൊതുവിദ്യാഭ്യാസമേഖലയുമായി തട്ടിച്ചുനോക്കുമ്പോൾ 215 അൺ എയ്ഡഡ് - ഹൈസ്കൂളുകളും 124 യു. പി. സ്കൂളുകളും 158 എൽ. പി. സ്കൂളുകളും 338 ഹയർസെക്കണ്ടറി സ്കൂളുകളും (കുറെയേറെ അനധികൃത വിദ്യാലയങ്ങളും ) ഉള്ള അൺ എയ്ഡഡ് മേഖല വളരെ ദുർബ്ബലമാണ്. $4^{3}/_{4}$ ലക്ഷത്തോളം വിദ്യാർഥികൾ സ്കൂൾ ഗോയിംഗ് വിഭാഗത്തിൽ ഈ വർഷം പരീക്ഷയെഴുതിയപ്പോൾ അൺ എയ്ഡഡ് മേഖലയിൽ നിന്നും വന്നത് കാൽലക്ഷത്തോളം കുട്ടികൾ മാത്രമാണ്. 43416 പട്ടികജാതി വിദ്യാർഥികൾ പരീക്ഷയെഴുതിയപ്പോൾ 272 പേർ മാത്രമാണ് അൺ എയ്ഡഡ് സ്കൂളുകളിലൂടെ പഠിച്ചുവന്നത്. പട്ടികവർഗ്ഗത്തിലപ്പെട്ട 4276 കുട്ടികൾ പരീക്ഷയെഴുതിയതിൽ 21 പേർക്ക് മാത്രമാണ് അൺ എയ്ഡഡ് മേഖലയിൽ നിന്നും വന്നത്. ഈ കണക്കുകളിലൂടെ വ്യക്തമാകുന്ന സാമൂഹ്യയാഥാർഥ്യം കൂടി കണക്കിലെടുക്കുമ്പോൾ ഈ മേഖല സംരക്ഷിക്കുക മാത്രമല്ല മെച്ചപ്പെടുത്തുക കൂടി വേണമെന്ന ധാരണയിൽ നാം എത്തിയേ പറ്റൂ.പൊതുവിദ്യാഭ്യാസം തകർക്കുന്ന നയങ്ങൾക്കും നടപടികൾക്കും എതിരായ പോരാട്ടം ശക്തിപ്പെടുത്തുന്നതോടൊപ്പം പൊതുവിദ്യാഭ്യാസത്തിന്റെ മികവു വർദ്ധിപ്പിക്കാനാവശ്യമായ വലിയ ജനകീയ കൂട്ടായ്മ വളർത്തിയെടുക്കേണ്ടതുണ്ട്.

# B. A IN DIVINITY:

## BID TO CHRISTIANISE MGU CURRICULUM DRAWS FLAK

After Saffronisation and Talibanisation, the new trend is towards Christianisation of the Curriculum. The initiative comes from Mahatma Gandhi University, which has sanctioned the starting of "Bachelor of Divinity" course in a new self-financing college started by "Believers of India Trust" at Thiruvalla. Interestingly, there is no Board of Studies or approved syllabus for 'Bachelor of Divinity' in Mahatma Gandhi University. AKPCTA and the SFI have objected to the introduction of the Divinity Course, which negates the secular values of modern education. Divinity has never been accorded the status of a science in the secular educational system. Its methodology is unscientific and irrational. In promoting the Divinity Course, Mahatma Gandhi University is following the footsteps of the UGC, which had introduced Astrology and Paurohitya as subjects at the degree level. It is ironic that the University, which had spurned the UGC initiative earlier, is now following the same obscurantist path. The only difference between UGC and MGU is that while UGC tried to appease majoritarian communalism, the MGU is catering to its minoritarian counterpart, both of which are equally dangerous. AKPCTA has pointed out that Seminaries and Universities play different roles in a secular democracy, which must be respected for the survival of both systems. The Association has appealed to Dr. Cyriac Thomas, Vice Chancellor of the University to resist the temptation to encroach into the territorial waters of the Seminaries and to maintain the secular, scientific and rational ethos of modern education in the MGU Curriculum.

കേരളീയ വിദ്യാഭ്യാസം
പുതിയ ദേശീയ സാഹചര്യത്തിൽ

ഓപ്പൺഫോറം 27 ജൂൺ 2004

# ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങളും സാദ്ധ്യതകളും

പ്രൊഫ. തോമസ് ജോസഫ്
പ്രസിഡൻറ്, എ. കെ. പി. സി. ടി. എ

## ജനവിധിയുടെ കാതൽ

2004 ലെ ലോകസഭാ തിരഞ്ഞെടുപ്പു ഫലം വർഗീയവൽക്കരണത്തിനും ആഗോളവൽക്കരണത്തിനും എതിരെയുള്ള കനത്ത താക്കീതാണ്. ബി. ജെ. പിയ്ക്കുണ്ടായ കടുത്ത നഷ്ടവും ഇടതുപക്ഷ കക്ഷികൾക്കുണ്ടായ മികച്ച നേട്ടവും ചേർത്തുവായിച്ചാൽ ഇതു വ്യക്തമാണ്. മുൻ പ്രധാനമന്ത്രിയടക്കം ബി. ജെ. പിയിലെ ഒരു വിഭാഗവും കോൺഗ്രസ്സും ജനവിധിയിലടങ്ങിയ വർഗീയ വിരുദ്ധത അംഗീകരിക്കുമ്പോൾതന്നെ, തിരഞ്ഞെടുപ്പു ഫലത്തിലടങ്ങിയ ആഗോളവൽക്കരണത്തിനെതിരെയുള്ള വികാരത്തെ അംഗീകരിക്കാൻ ബി. ജെ. പിയിലെയോ കോൺഗ്രസ്സിലെയോ ബഹുഭൂരിപക്ഷം തയ്യാറല്ല. ജനാഭിലാഷം നിറവേററുന്നതിൽ നിർണ്ണായക പങ്കുവഹിക്കാനുള്ള കരുത്തും ബാദ്ധ്യതയുമാണ് തിരഞ്ഞെടുപ്പുഫലം ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കു നൽകിയിരിക്കുന്നത്.

ഐക്യപുരോഗമന സഖ്യത്തിൻെറ (United Progressive Alliance ) പൊതുമിനിമം പരിപാടിയുടെ രൂപീകരണത്തിൽ ഇടതുപക്ഷത്തിനു ചെലുത്താൻ കഴിഞ്ഞ നിർണ്ണായകസ്വാധീനം തുടർന്നും നിലനിർത്തിക്കൊണ്ടുമാത്രമെ, ഇത്തരമൊരു ഉത്തരവാദിത്തം നിർവഹിക്കാനാവൂ. പൊതുമിനിമം പരിപാടിയുടെ അതിർത്തിരേഖകൾ കോറുന്ന പണിമാത്രമെ ഇപ്പോൾ പൂർത്തീകരിച്ചിട്ടുള്ളു. പൊതുനയത്തിൻെറ വിശദാംശങ്ങൾ രൂപപ്പെടുത്തുന്നഘട്ടത്തിലും പ്രയോഗതലത്തിലും ഇടതുപക്ഷത്തിൻെറ ശക്തമായ സാന്നിദ്ധ്യം കൂടിയേ തീരൂ. അതേസമയംതന്നെ നയവ്യതിയാനങ്ങൾക്കും പ്രയോഗതലത്തിലെ വീഴ്ചകൾക്കുമെതിരെ ശക്തമായ നിലപാടുകൾ സ്വീകരിക്കുകയും വേണം. ഒരേസമയം ഐക്യപുരോഗമന സഖ്യ ഗവൺമെൻറിനെ പിന്താങ്ങുകയും അതിനെതിരെ സമരം ചെയ്യുകയുമെന്ന വൈരുദ്ധ്യാത്മക കർമ്മപരിപാടിയാണ്, ഇത്തരമൊരു സമീപനം അനിവാര്യമാക്കുന്നത്.

കേന്ദ്രത്തിലുണ്ടായ ഭരണമാററത്തിൻെറ പ്രയോജനം കേരളത്തിലും ലഭിക്കേണ്ടതുണ്ട്. കേന്ദ്ര സർക്കാരിൻെറ പൊതുമിനിമം പരിപാടി നടപ്പാക്കാൻ കേരള സർക്കാരിനും രാഷ്ട്രീയമായ ബാദ്ധ്യതയുണ്ട്. തിരഞ്ഞെടുപ്പു നൽകുന്ന പാഠം അതാണ്. എന്നാൽ ഈ പാഠം പൂർണ്ണമായി ഉൾക്കൊള്ളാൻ കേരള സർക്കാർ തയ്യാറാകുന്നതിൻെറ സൂചനകളൊന്നും ഇതുവരെ ലഭ്യമല്ല. നിയമസഭയിലെ ആൾബലത്തിൽ വിശ്വാസമർപ്പിച്ച് ശിഷ്ടകാലം കഴിച്ചുകൂട്ടാനാണ് ശ്രീ ആൻറണി കോപ്പുകൂട്ടുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ കേരളത്തിൽ ജനവിധി നടപ്പാക്കി എടുക്കുന്നതിന് സഹായകമായ പ്രക്ഷോഭങ്ങൾ കൂടുതൽ കരുത്തോടെ ഉയർത്തിക്കൊണ്ടുവരാൻ പുരോഗമന പ്രസ്ഥാനങ്ങൾക്കു കഴിയണം.

കേന്ദ്രത്തിലും കേരളത്തിലും അധികാരത്തിൻെറ അകത്തളങ്ങൾക്കു പുറത്തുനിന്നുകൊണ്ട് ജനങ്ങളുടെ മാൻഡേററ് നടപ്പാക്കി എടുക്കുക എന്ന അത്യന്തം ശ്രമകരമായ ദൗത്യമാണ് ഇടതുപക്ഷകക്ഷികളും പ്രസ്ഥാനങ്ങളും ഏറെറടുത്തു നടപ്പാക്കേണ്ടത്. ഈ പശ്ചാത്തലത്തിൽ നിന്നുവേണം പുതിയ ദേശീയ സാഹചര്യത്തിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങളേയും

സാദ്ധ്യതകളേയും കുറിച്ചു വിലയിരുത്തേണ്ടത്.

## പൊതുമിനിമം പരിപാടി.

ഉന്നതവിദ്യാഭ്യാസവുമായി ബന്ധമുള്ള 4 ഇനങ്ങളാണ് പൊതുമിനിമം പരിപാടിയിൽ ഉൾപ്പെടു ത്തിയിരിക്കുന്നത്. അവ താഴെപ്പറയുന്നവയാണ്.

1. വിദ്യാഭ്യാസരംഗത്തെ വർഗീയവൽക്കരണം തടയും.
2. ഉന്നത/ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്വയംഭരണം നടപ്പാക്കും. അക്കാദമിക് മികവിന്റേയും കഴിവിന്റേയും അടിസ്ഥാനത്തിൽ താക്കോൽ സ്ഥാപനങ്ങളിൽ നിയമനങ്ങൾ നടത്തും.
3. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് പാവപ്പെട്ടവർക്കും അവസരങ്ങൾ ഉറപ്പാക്കും.
4. ജി. ഡി. പി യുടെ 6% വിദ്യാഭ്യാസത്തിനായി മാററിവയ്ക്കും.



മുകളിൽ അക്കമിട്ടു പറഞ്ഞിട്ടുള്ള പരിപാടികളിൽ ആദ്യത്തേത് മതനിരപേക്ഷതയുമായും രണ്ടാമത്തേത് അക്കാദമിക് സ്ഥാപനങ്ങളിലെ ഭരണനിർവഹണവുമായും, മൂന്നാമത്തേത് സാമൂഹ്യനീതിയുമായും നാലാമത്തേത് വിഭവസമാഹരണവുമായും ബന്ധപ്പെടുത്തി ചർച്ചചെയ്യേണ്ടതുണ്ട്.

## മതനിരപേക്ഷത

വർഗീയതക്കെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ചിട്ടുള്ള അർജുൻസിംഗ് മാനവവിഭവശേഷി മന്ത്രാലയത്തിന്റെ ചുമതലക്കാരനായി എന്നത് വിദ്യാഭ്യാസരംഗത്ത് ബി. ജെ. പി ഭരണകാലത്ത് നഷ്ടമായ മതനിരപേക്ഷത വീണ്ടെടുക്കുന്നതിന് അനുകൂലമായ ഘടകമാണ്. അധികാരമേററെടുത്തതിനുശേഷം ആദ്യം നടത്തിയ പത്രസമ്മേളനത്തിൽ തന്നെ, വിദ്യാഭ്യാസരംഗത്തെ വിഷവിമുക്തമാക്കുക എന്നതാണ് തന്റെ ഏററവും പ്രധാന ദൗത്യമെന്ന് അദ്ദേഹം പ്രഖ്യാപിപ്പിക്കുകണ്ടായി. വിഷമിറക്കുക (Detoxification) എന്ന ശക്തമായ പദപ്രയോഗം തന്നെ, പ്രശ്നത്തിന്റെ ഗൗരവം പൂർണ്ണമായും മന്ത്രി ഉൾക്കൊള്ളുന്നു എന്ന സൂചനയാണ് നൽകിയത്. സ്ക്കൂൾ പാഠ്യപദ്ധതി ചട്ടക്കൂടിലും സിലബസിലും പാഠപുസ്തകങ്ങളിലും കടന്നുകൂടിയിട്ടുള്ള വിഷാംശങ്ങളെ കണ്ടെത്തുന്നതിന് ഒരു വിദഗ്ദ്ധ കമ്മററിയെ നിയോഗിച്ചുകൊണ്ട് ഇക്കാര്യത്തിലുള്ള തന്റെ ആത്മാർത്ഥത അദ്ദേഹം തെളിയിക്കുകയും ചെയ്തു.

എന്നാൽ സ്കൂൾ വിദ്യാഭ്യാസരംഗത്തിലെന്നപോലെ ഉന്നതവിദ്യാഭ്യാസരംഗത്തും ഇത്തരമൊരു ശുദ്ധീകരണപ്രക്രിയ നടക്കേണ്ടതുണ്ട് എന്ന കാര്യം മന്ത്രി ശ്രദ്ധിച്ചതായി കാണുന്നില്ല. യു. ജി. സി ആവിഷ്ക്കരിച്ചു നടപ്പാക്കിയ `ജ്യോതിർവിജ്ഞാൻ' `കർമ്മകാണ്ടം' തുടങ്ങിയ കോഴ്സുകൾ പഠിതാക്കളുടെ ആവശ്യമനുസരിച്ച് തുടർന്നും നടത്താവുന്നതാണെന്ന് ശ്രീ അർജുൻസിംഗ് പ്രസ്താവിക്കുകയുണ്ടായി. വ്യാജശാസ്ത്രീയതയുടെ അടിത്തറയിൽ കെട്ടിയുയർത്തിയ ഇത്തരം കോഴ്സുകൾ ഹിന്ദുത്വവൽക്കരണത്തിന്റെ അജണ്ടയാണ് നടപ്പാക്കുന്നതെന്ന് അദ്ദേഹത്തിന് ബോദ്ധ്യം വന്നിട്ടില്ല. മാർക്കററ് ഡിമാൻറിനനുസൃതമായി അന്ധവിശ്വാസങ്ങളെ വിൽപ്പനച്ചരക്കാക്കുന്നത്, ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന ശാസ്ത്രീയതയ്ക്കും മതേതരത്വത്തിനും എതിരാണ്. ലാഭനഷ്ടങ്ങൾ വകവയ്ക്കാതെ ശാസ്ത്രബോധവും

**കേന്ദ്രത്തിലുണ്ടായ ഭരണമാററത്തിൻെറ പ്രയോജനം കേരളത്തിലും ലഭിക്കേണ്ടതുണ്ട്. കേന്ദ്ര സർക്കാരിൻെറ പൊതുമിനിമം പരിപാടി നടപ്പാക്കാൻ കേരള സർക്കാരിനും രാഷ്ട്രീയമായ ബാദ്ധ്യതയുണ്ട്. നിയമസഭയിലെ ആൾബലത്തിൽ വിശ്വാസമർപ്പിച്ച് ശിഷ്ടകാലം കഴിച്ചുകൂട്ടാനാണ് ശ്രീ ആൻറണി കോപ്പുകൂട്ടുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ കേരളത്തിൽ ജനവിധി നടപ്പാക്കി എടുക്കുന്നതിന് സഹായകമായ പ്രക്ഷോഭങ്ങൾ കൂടുതൽ കരുത്തോടെ ഉയർത്തിക്കൊണ്ടുവരാൻ പുരോഗമന പ്രസ്ഥാനങ്ങൾക്കു കഴിയണം.**

യുക്തിചിന്തയും യുവതീയുവാക്കളിൽ വളർത്തി എടുക്കുക എന്ന ലക്ഷ്യത്തോടെ ആയിരിക്കണം കോഴ്സുകൾ സംവിധാനം ചെയ്യേണ്ടത്. ഇതുമായി ബന്ധപ്പെട്ട് സുപ്രീംകോടതി പുറപ്പെടുവിച്ച വിധിയും പുനരവലോകനം ചെയ്യേണ്ടതുണ്ട്. യു. ജി. സിയുടെ വിദഗ്ദ്ധസമിതി പരിശോധിച്ച് അംഗീകാരം നൽകിയ പാഠ്യപദ്ധതി സംബന്ധിച്ച തർക്കത്തിൽ കോടതി ഇടപെടുന്നതിൽ ഔചിത്യമില്ല എന്ന് ചൂണ്ടിക്കാട്ടിയാണ് ചീഫ് ജസ്ററീസ് രാജേന്ദ്രബാബുവും, ജസ്ററീസ് ജെ. പി. മാഥുറും അടങ്ങുന്ന സുപ്രീംകോടി ബഞ്ച് കോഴ്സുകളെ വിലക്കുന്നതിന് തയ്യാറാകാതിരുന്നത്. ഭരണഘടനയുടെ മാർഗ്ഗ നിർദ്ദേശകതത്വങ്ങൾ കോടതി വഴി നടപ്പിലാക്കാനാവില്ല എന്ന വ്യവസ്ഥയും അന്ധവിശ്വാസത്തിലധിഷ്ഠിതമായ കോഴ്സുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്ന ഘടകമായി. അറിവിനും കഴിവിനുമൊപ്പം മതനിരപേക്ഷതയും സാമൂഹ്യ പ്രതിബദ്ധതയും കൈമുതലായുള്ള അക്കാദമിക നേതൃത്വം ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളെ നയിക്കുന്ന അവസ്ഥസംജാതമാക്കിക്കൊണ്ടുമാത്രമെ ഈ രംഗത്തെ ബൗദ്ധിക പ്രതിസന്ധിക്കു പരിഹാരം കാണാനാവൂ. യു. ജി. സി, എ. ഐ. സി. ററി. ഇ, ഐ. സി. എസ്. ആർ., ഐ. സി. എച്ച്. ആർ, ഐ. എ. എ. എസ് തുടങ്ങിയ സ്ഥാപനങ്ങളുടെ താക്കോൽ സ്ഥാനങ്ങളിൽ ഉപവിഷ്ടരായിരിക്കുന്നവരെ സംബന്ധിച്ച് നിഷപക്ഷമായ വിലയിരുത്തലും അതിൻെറ അടിസ്ഥാനത്തിൽ തുടർനടപടികളും ഉണ്ടാകണം.

ഉത്തരേന്ത്യയിലെ വർഗ്ഗീയതപോലെതന്നെ അപകടകരമാണ് കേരളത്തിൽ വളർന്നുവരുന്ന സാമുദായികതയും. വിദ്യാഭ്യാസരംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുള്ള സാമുദായിക പ്രസ്ഥാനങ്ങൾക്ക് അപചയം സംഭവിക്കുന്ന കാഴ്ചകളാണ് നാം ചുററുപാടും കാണുന്നത്. യു. ഡി. എഫ് ഗവൺമെൻറിൻെറ സാമുദായിക പ്രീണനനയം ഈ ജീർണ്ണതയ്ക്ക് വളമാകുന്നു. പ്രൊഫഷണൽ – നോൺ പ്രൊഫഷണൽ വ്യത്യാസമെന്യേ ഉന്നത വിദ്യാഭ്യാസത്തിൻെറ മാനേജ്മെൻറു തലം സാമുദായിക ശക്തികൾക്ക് തീറെഴുതുന്ന നയമാണ് യു. ഡി. എഫ് സ്വീകരിച്ചിരിക്കുന്നത്. വാണിജ്യതാത്പര്യങ്ങളുടെ തടവുകാരായിരുന്ന സാമുദായിക നേതൃത്വമാകട്ടെ. സ്ഥാപനങ്ങളുടെ നടത്തിപ്പിൽ തങ്ങളുടെ സമുദായത്തിൽപ്പെട്ട സാധാരണക്കാരൻെറ അവകാശങ്ങൾപോലും നിഷേധിക്കുന്നു. ഇത്തരം പ്രവണതകളെ ചെറുക്കുന്നതിന് ശക്തമായ നവോത്ഥാന പ്രസ്ഥാനങ്ങൾ കേരളമണ്ണിൽ പുനർജനിക്കേണ്ടിയിരിക്കുന്നു.

## സ്വയംഭരണം

പൊതുമിനിമം പരിപാടിയിൽ ഊന്നൽ നൽകിയിട്ടുള്ള മറെറാരു കാര്യം ഉന്നത/ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്വയംഭരണം സംരക്ഷിക്കുക എന്നുള്ളതിനാണ് ഇന്ത്യൻ. ഇൻസ്ററിററ്യൂട്ട് ഓഫ് മാനേജ്മെൻറ് (I.I.M) സ്ക്കൂളുകളുടെ സ്വയംഭരണാവകാശത്തിൻമേൽ ശ്രീ മുരളി മനോഹർജോഷി നടത്തിയ കടന്നുകയററത്തിൻെറ പശ്ചാത്തലത്തിൽ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വേദികളിൽ ഇക്കാര്യം ചർച്ച ചെയ്യപ്പെടുകയുണ്ടായി. അതുകൊണ്ടുതന്നെ ഐ. ഐ. എം. പ്രശ്നം പുതിയ ഗവൺമെൻറിൻെറ അടിയന്തിര അജണ്ടകളിലൊന്നായി മാറിയിട്ടുണ്ട്. ഐ. ഐമ്മുകളുടെ നിലപാടിന് മുൻതൂക്കം നൽകിക്കൊണ്ടുള്ള ശ്രീ അർജുൻ സിംഗിൻെറ പ്രതികരണം സ്വാഗതാർഹമാണ് എന്നാൽ സ്വയംഭരണത്തിൻെറ പ്രശ്നങ്ങൾ വളരെ ഉപരിപ്ളവമായ രീതിയിലാണ് ഇപ്പോൾ ചർച്ചചെയ്യപ്പെടുന്നത്. ഒന്നാമതായി സ്വയംഭരണം ഐ. ഐ. എമ്മുകളുടെ മാത്രം പ്രശ്നമല്ല. ഉന്നത വിദ്യാഭ്യാസരംഗമാകെ ബാധിക്കുന്ന പ്രശ്നമാണ്. രണ്ടാമതായി സ്വയംഭരണമെന്ന ആശയം അതിൽതന്നെ പൂർണ്ണമായ ഒന്നല്ല. അക്കാദമിക് രംഗത്തെ സ്വയംഭരണത്തിൻെറ വ്യത്യസ്ത ഘടകങ്ങൾ വ്യക്തമായി നിർവചിക്കണം. സ്വയംഭരണത്തെ

അക്കൗണ്ടബിലിററിയുമായും അക്കൗണ്ടബിലിററിയെ ജനാധിപത്യ ഭരണക്രമവുമായും ബന്ധപ്പെടുത്തി ഉന്നത/ പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് സാമൂഹ്യനീതിയും ഗുണമേന്മയും സമന്വയിപ്പിക്കുന്ന ഭരണ സംവിധാനത്തിന് രൂപം നൽകേണ്ടതുണ്ട്.

കേന്ദ്ര ഗവൺമെൻറ് നിർദ്ദേശാനുസരണം യു. ജി. സി തയ്യാറാക്കിയ 21-ാം നൂററാണ്ടിലെ സർവകലാശാലകളെ ഉദ്ദേശിച്ചുള്ള മാതൃകാനിയമത്തിൻെറ സമീപന രേഖയും കേരള സർക്കാർ നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ള ഏകീകൃതസർവ്വകലാശാല ബില്ലും വിമർശനാത്മകമായ പുനർ പരിശോധനക്കു വിധേയമാക്കേണ്ടതാണ്. മാതൃകാനിയമവും ഏകീകൃതനിയമവും ജനാധിപത്യ ഭരണക്രമത്തിൻെറ നിരാകരണമാണ് ലക്ഷ്യമാക്കുന്നത്. ഭരിക്കുന്ന സർക്കാരിൻെറ ഏജൻറുമാരെ യൂണിവേഴ്സിററികളുടെ ഭരണസമിതികളിൽ തിരുകികയററുക എന്നതിലപ്പുറം ഉദാത്തമായ ലക്ഷ്യങ്ങൾ ഒന്നും രണ്ടു നിയത്തിലും ഇല്ല. ആഗോളവൽക്കരണത്തിൻെറ പശ്ചാത്തലത്തിൽ വിദ്യാഭ്യാസരംഗത്തെ ഉദാരവൽക്കരണത്തിനു പ്രാമുഖ്യം കിട്ടത്തക്കവിധത്തിൽ നിയമങ്ങൾ ഉടച്ചുവാർക്കാനാണ് മാതൃകാനിയമം കൊണ്ട് ഉദ്ദേശിക്കുന്നത് എന്ന് യു. ജി. സിയുടെ സമീപനരേഖയിൽ മറയില്ലാതെ പറയുന്നുണ്ട്. ഇതേ ആശയം തന്നെ രഹസ്യ അജണ്ടയായി ഏകീകൃത നിയമത്തിലും അവതരിപ്പിക്കുന്നു. പൊതുമിനിമം പരിപാടിയുടെ പശ്ചാത്തലത്തിൽ രണ്ടു നീക്കങ്ങളും പുനരവലോകനം നടത്തണം.

## സാമൂഹ്യനീതിയും ഗുണമേന്മയും

പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് സാമൂഹ്യനീതി നടപ്പാക്കുമെന്ന് സി. എം. പി യിൽ നേരിയ സൂചനയുണ്ടെങ്കിലും ഗുണമേന്മയെ സംബന്ധിച്ചുള്ള ഏക പരാമർശം അടിസ്ഥാന വിദ്യാഭ്യാസരംഗത്തു മാത്രമാണുള്ളത്. ഇത് ഒരു പ്രധാനപ്പെട്ട ന്യൂനതയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തെ കേന്ദ്ര പ്രശ്നങ്ങളെ അതർഹിക്കുന്ന പ്രാധാന്യത്തോടെ കാണാനും വിലയിരുത്താനും സാധിച്ചില്ല എന്നാണിതിൻെറ അർത്ഥം. വിജ്ഞാനസമൂഹത്തിൽ (knowledge Society ) ഉന്നത/ പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്തിന് സവിശേഷമായ പങ്കു വഹിക്കാനുണ്ട്. ഒരു സാംസ്ക്കാരിക പ്രവർത്തനമെന്നതിനുപുറമെ, ധനവും അധികാരവും സമ്പാദിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള ഒരു സുപ്രധാനഘടകം എന്ന നിലയിലും ഉന്നത/ പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള പങ്ക് ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ലോകബാങ്ക് 192 രാജ്യങ്ങളിൽ നടത്തിയ പഠനത്തിൽ ആധുനിക ഉൽപാദനപ്രക്രിയയിൽ ഭൗതിക മൂലധനത്തെ അപേക്ഷിച്ച് മനുഷ്യവിഭവ മൂലധനത്തിനുള്ള പ്രാമുഖ്യം കണ്ടെത്തിയിട്ടുണ്ട്. മനുഷ്യ വിഭവ മൂലധനത്തിൻെറ അളവ് ഭൗതിക മൂലധനത്തെ അപേക്ഷിച്ച് എത്രത്തോളം വർദ്ധിക്കുന്നുവോ അത്രത്തോളം വികസനസാദ്ധ്യതയും വർദ്ധിക്കുന്നു എന്നാണ് ലോക ബാങ്കിൻെറ പഠനം വ്യക്തമാക്കുന്നത്. വികസിത രാജ്യങ്ങൾ മൊത്തമായി എടുത്താൽ മനുഷ്യ വിഭവ മൂലധനവും ഭൗതിക മൂലധനവും തമ്മിലുള്ള അനുപാതം 64:36 എന്ന തോതിലാണ്. എന്നാൽ വികസിത രാജ്യങ്ങളുടെ തന്നെ മുൻപന്തിയിൽ നിൽക്കുന്ന ജർമ്മനി, സ്വിററ്സർലണ്ട് എന്നീ രാജ്യങ്ങളിൽ ഈ അനുപാതം 80: 20 ആണ്. വികസനത്തിൽ ഏററവും പിന്നിലുള്ള ആഫ്രിക്കൻ രാജ്യങ്ങളിലാകട്ടെ ഈ ശതമാനം 50:50 എന്ന തോതിലും. ഉന്നത/ പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് മനുഷ്യ വിഭവ മൂലധനം സൃഷ്ടിക്കുന്നതിൽ സുപ്രധാന പങ്കാണുള്ളത്. അതുകൊണ്ടുതന്നെ ഈ രംഗത്ത് പരമാവധി വികസനം ഉറപ്പാക്കിക്കൊണ്ടുമാത്രമെ വികസന രംഗത്തു മുന്നേറാനാവുകയുള്ളു. നിർദ്ദിഷ്ട പ്രായപരിധിയിലുള്ള (17 വയസ്സിനും 23 വയസ്സിനും ഇടയിൽ) ജനങ്ങളുടെ 20% പേർക്കെങ്കിലും ഉന്നത/ പ്രൊഫഷണൽ വിദ്യാഭ്യാസം അനിവാര്യമാണെന്ന് പരക്കെ അംഗീകരിക്കപ്പെടുന്നുണ്ട്. 1947 നും 2003 നും ഇടക്ക് ഇന്ത്യയിലെ യൂണിവേഴ്സിററികളുടെ എണ്ണം 18 ൽ നിന്നും 307 ആയും കോളേജുകൾ 591 ൽ നിന്നും 14609 ആയും വിദ്യാർത്ഥികളുടെ എണ്ണം 2,28,804 ൽ നിന്നും 94,63,821 ആയും വർദ്ധിച്ചുവെങ്കിലും കാലഘട്ടത്തിൻെറ ആവശ്യവും മററു രാജ്യങ്ങളിലെ വികസനവും ആയി താരതമ്യപ്പെടുത്തുമ്പോൾ ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസരംഗത്തെ വളർച്ച ഒട്ടും തൃപ്തികരമല്ല. നിർദ്ദിഷ്ട പ്രായപരിധിയിലുള്ള യുവാക്കളുടെ 7% മാത്രമാണ് ഇന്ത്യയിൽ ഇന്നും ഉന്നത വിദ്യാഭ്യാസരംഗത്തുള്ള ത്. കേരളത്തിൻെറ അവസ്ഥ പ്രത്യേകമായി പരിശോധിച്ചാലും സ്ഥിതി ഒട്ടും ഭിന്നമല്ല. അതേസമയം ഇംഗ്ലണ്ടിൽ നിശ്ചിത പ്രായ പരിധിയിലുള്ളവരുടെ 52% ഉം ഫ്രാൻസിൽ 50% ഉം അമേരിക്കയിൽ 81% ഉം കാനഡയിൽ 100% ഉം ഉന്നത വിദ്യാഭ്യാസം തേടുന്നു. മററുപല വികസ്വര രാജ്യങ്ങളുടേയും സ്ഥിതി ഇന്ത്യയേക്കാളും

മെച്ചമാണ്. ഇന്തോനേഷ്യയിൽ 11% ഉം ബ്രസീലിൽ 12% ഉം മെക്സിക്കോയിൽ 14% ഉം തായ്‌ലണ്ടിൽ 19% ഉം ആണ് പ്രസക്തമായ സ്ഥിതിവിവരക്കണക്കുകൾ 25% ത്തിൽ അധികം ജനങ്ങൾ ദാരിദ്ര്യരേഖക്കു താഴെയുള്ള ഇന്ത്യയെപ്പോലൊരു രാജ്യത്ത്, പൊതു നിക്ഷേപത്തിന്റെ തോത് വിദ്യാഭ്യാസരംഗത്തു വർദ്ധിപ്പിച്ചുകൊണ്ട്, പാവപ്പെട്ടവർക്കും അവശ ജനവിഭാഗങ്ങൾക്കും കൂടി ഉന്നതവിദ്യാഭ്യാസ അവസരങ്ങൾ ഒരുക്കിക്കൊടുത്തുകൊണ്ട് മാത്രമേ ഗുണപരമായ വികസനം ഈ രംഗത്തു നേടാനാവൂ. ഉന്നത വിദ്യാഭ്യാസ രംഗത്തെ സാമൂഹ്യനീതിയുടെ പ്രശ്നം രാജ്യത്തിന്റെ വികസന സമസ്യയുമായി ബന്ധപ്പെടുത്തി പരിഹാരം കാണേണ്ടതാണ്.

എന്നാൽ നിർഭാഗ്യകരമെന്നു പറയട്ടെ ഇതിനു വിരുദ്ധമായ സമീപനമാണ് 90 കളിൽ രൂപപ്പെടുകയും പുതിയ നൂററാണ്ടിൽ ശക്തിപ്രാപിക്കുകയും ചെയ്തത്. 1994 പ്രസിദ്ധീകരിച്ച ഉന്നതവിദ്യാഭ്യാസം അനുഭവത്തിന്റെ പാഠങ്ങൾ (Higher Education: Lessons for Experience) എന്ന ലോക ബാങ്കിന്റെ പഠനത്തിൽ ഉന്നതവിദ്യാഭ്യാസത്തേയും സ്കൂൾതല വിദ്യാഭ്യാസത്തെയും വ്യത്യസ്ത ശ്രേണികളിൽപ്പെടുത്തികൊണ്ട് സാമൂഹ്യ നീതിയുടെ നിഷേധത്തെ ന്യായീകരിക്കുന്ന സമീപനമാണ് കൈക്കൊണ്ടത്. സ്കൂൾ വിദ്യാഭ്യാസത്തെ പൊതുനന്മ (Public good) ആയും ഉന്നതവിദ്യാഭ്യാസത്തെ സ്വകാര്യ നന്മ (Private Good) ആയും വിവക്ഷിക്കുന്ന രീതി ഇതോടെയാണ് നിലവിൽ വന്നത് ഉന്നത വിദ്യാഭ്യാസത്തെ കച്ചവട ക്കണ്ണുകൊണ്ട് നോക്കിക്കണ്ട അംബാനി– ബിർല റിപ്പോർട്ടിലും (2000 ഏപ്രിൽ) ഇതേ വാദഗതിതന്നെയാണ് മുന്നോട്ടുവച്ചതും. ഇത്തരമൊരു സമീപനം ആഗോളതലത്തിൽ തന്നെ വ്യാപകമായ എതിർപ്പ് ക്ഷണിച്ചുവരുത്തിയ സാഹചര്യത്തിൽ ലോകബാങ്ക് തെററുതിരുത്താൻ തയ്യാറായി. 2002 ഫെബ്രുവരിയിൽ ലോകബാങ്ക് പ്രസിദ്ധീകരിച്ച 'വിജ്ഞാന സമൂഹനിർമ്മാണം ഉന്നതവിദ്യാഭ്യാസത്തിന്റെ പുത്തൻ വെല്ലുവിളികൾ' (Constructing Knowledge Societies; New Challenges for Tertiary Education) എന്ന പഠനത്തിൽ ഉന്നതവിദ്യാഭ്യാസം പൊതു നന്മ തന്നെയാണെന്ന് ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ അതിനുശേഷവും ഇന്ത്യയിലെ ഭരണവർഗ്ഗവും കോടതികളും ലോകബാങ്കിന്റെ പഴയനിലപാടിൽ തന്നെ ഉറച്ചു നിൽക്കുകയായിരുന്നു. 2002 ഒക്ടോബർ 31 ന് സുപ്രീംകോടതി 11 അംഗ ബെഞ്ചിന്റെ വിധിയിൽ (TMA Pai Foundation Case) ഉന്നത വിദ്യാഭ്യാസരംഗത്തെ ക്രോസ് സബ്സിഡികൾ ഭരണഘടന വിരുദ്ധമാണെന്ന് വിധി എഴുതിയത് ലോകബാങ്കിന്റെ കാലഹരണപ്പെട്ട വിദ്യാഭ്യാസ വീക്ഷണം കടമെടുത്തുകൊണ്ടാണ്. കോടതി വിധി പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് സൃഷ്ടിച്ച പ്രതിസന്ധി മറികടക്കാൻ പിന്നീടുവന്ന അഞ്ചംഗ ബഞ്ചിന് സാദ്ധ്യമാകാതെവന്ന പശ്ചാതലത്തിലാണ് കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ ഇന്നു കാണുന്ന പ്രതിസന്ധി സംജാതമായിട്ടുള്ളത്. പ്രശ്ന പരിഹാരത്തിന് കേരള സർക്കാർ ഇപ്പോൾ കണ്ടെത്തിയിട്ടുള്ള ഫോർമുല ഒട്ടും തൃപ്തികരമല്ല. ഇടതുകാലിലെ മന്ത് വലതുകാലിലേക്ക് മാററുക മാത്രമാണ് സർക്കാരിന്റെ ഓർഡിനൻസ് കൊണ്ടുള്ള നേട്ടം.

പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് സാമൂഹ്യനീതിയുടെ പ്രശ്നം ദൈനംദിന രാഷ്ട്രീയ പ്രശ്നമായി മാത്രമാണ് കേരള സർക്കാർ കണ്ടിട്ടുള്ളത്. വികസനത്തിന്റെ സമസ്യയായി കണ്ടിട്ടില്ല. വളരെ യാന്ത്രികമായി 50:50 എന്ന അനുപാതത്തിൽ സർക്കാർ സീററുകളെന്നും മാനേജ്മെൻറ് സീററുകളെന്നും വിഭജനം നടത്തിക്കൊണ്ടുള്ള ഓർഡിനൻസിന്റെ യുക്തിരാഹിത്യം വികലമായ ദർശനത്തിൽ നിന്നും ഉടലെടുത്തതാണ്. സാമൂഹിക നീതിയോടൊപ്പം പ്രാധാന്യമുള്ളതാണ് വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയും. അടിസ്ഥാനപരമായി ഇത്തരം അറിവിന്റെയും പ്രതിബദ്ധതയുടേയും അഭാവമാണ് സർക്കാരിന്റെ പുത്തൻ സമവായത്തിന്റെ കാതൽ. പ്രൊഫഷണൽ മേഖലയിൽ 50% സീററിലേക്കുള്ള പ്രവേശനവും ഫീസും നിശ്ചയിക്കാനുള്ള അവകാശം സമ്പൂർണ്ണമായും മാനേജ്മെൻറുകൾക്ക് കൈമാറുമ്പോൾ മെരിററ് എന്നത് വിലക്കുവാങ്ങാവുന്ന ചരക്കായി മാറും. വിദ്യാഭ്യാസം വ്യവസായമായും മാറും. ഇത് ആരോഗ്യരംഗത്തും നിർമ്മാണരംഗത്തും ദൂരവ്യാപകമായ ദോഷഫലങ്ങൾ ഉളവാക്കും. പണക്കിഴിയുടെ ബലത്തിൽ മാത്രം ഡോക്ടറും എഞ്ചിനീയറും ആകുന്നവർ സാമൂഹ്യ സേവനം നടത്തില്ല മറിച്ച് അവർ തന്നെ സമൂഹത്തിന് ബാദ്ധ്യതയായി മാറും.

സാങ്കേതിക വിദ്യാഭ്യാസരംഗത്ത് അരാജകത്വം അവസാനിപ്പിക്കാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ കൂട്ടായ് പ്രവർത്തിച്ചേ മതിയാവൂ. ഇതുമായി ബന്ധപ്പെട്ട യു. ആർ. റാവു കമ്മററി റിപ്പോർട്ട് പ്രസിദ്ധീകരിച്ച് വ്യാപകമായ ചർച്ചയ്ക്ക് കളമൊരുക്കണം. എഞ്ചിനീയറിംഗ് മേഖലയിലെ ആസൂത്രിതമല്ലാത്ത വളർച്ചയെക്കുറിച്ച് വളരെ

**ഉത്തരേന്ത്യയിലെ വർഗ്ഗീയതപോലെതന്നെ അപകടകരമാണ് കേരളത്തിൽ വളർന്നുവരുന്ന സാമുദായികതയും. വിദ്യാഭ്യാസരംഗത്ത് ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുള്ള സാമുദായിക പ്രസ്ഥാനങ്ങൾക്ക് അപചയം സംഭവിക്കുന്ന കാഴ്ചകളാണ് നാം ചുററുപാടും കാണുന്നത്. യു. ഡി. എഫ് ഗവൺമെൻറിൻെറ സാമുദായിക പ്രീണനനയം ഈ ജീർണ്ണതയ്ക്ക് വളമാകുന്നു.**

ശ്രദ്ധേയമായ നിരീക്ഷണമാണ് യു. ആർ. റാവു നടത്തിയിട്ടുള്ളത്. 80 കളുടെ ആരംഭത്തിൽ ഏതാണ്ട് 26,000 സീററുകൾ മാത്രമുണ്ടായിരുന്ന ഈ മേഖലയിൽ ഇന്ന് 3,80,000 സീററുകളാണ് ഉള്ളത്. ഇന്ത്യയുടെ വികസന ആവശ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇതുവളരെ കൂടുതലാണെന്ന് കമ്മററി കണ്ടെത്തുന്നു. ഉന്നത/ പ്രൊഫഷണൽ വിദ്യാഭ്യാസത്തിൻെറ ഒരു പ്രത്യേക മേഖലയിൽ ഊന്നിയുള്ള അനിയന്ത്രിത വികസനം ഉൽപ്പാദന - തൊഴിൽ മേഖലകളിൽ അസന്തുലിതാവസ്ഥ സൃഷ്ടിക്കും. ഇന്ത്യയിൽ ഇന്ന് 50000 ത്തിനും 75,000 ത്തിനും ഇടക്ക് സീററുകൾ മാത്രമാണ് ഈ മേഖലയിൽ ആവശ്യമുള്ളതെന്ന് കമ്മററി അഭിപ്രായപ്പെടുന്നു. യു. ഡി. എഫ് ഗവൺമെൻറ് നടത്തിയ " വിപ്ളവകരമായ കുതിച്ചുചാട്ടം" ഈ പശ്ചാത്തലത്തിൽ വിലയിരുത്തേണ്ടതായിട്ടുണ്ട്. ഫീസ് ഘടനയെ സംബന്ധിച്ച റാവു കമ്മററിയുടെ നിഗമനങ്ങളും ശ്രദ്ധേയമാണ്. ഇന്ത്യയിലെ ഫീസ് ഘടന മുതലാളിത്ത രാജ്യങ്ങളുമായി താരതമ്യംചെയ്യുന്ന കമ്മററി, ഈ രംഗത്തെ സാമൂഹിക നീതിയുടെ പ്രശ്നം ചർച്ചചെയ്യുന്നുണ്ട്. അമേരിക്ക ബ്രിട്ടൺ തുടങ്ങിയ രാജ്യങ്ങളിൽ ശരാശരി ആളോഹരി വരുമാനത്തിൻെറ 1/3 മാത്രമാണ് ഫീസിനത്തിൽ സ്വകാര്യ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽപോലും ഈടാക്കുന്നത്. ഇന്ത്യയിലാകട്ടെ, ഇത് ആളോഹരി ശരാശരി വരുമാനത്തിൻെറ മൂന്നിരട്ടിയാണ്. ഇതിന് പരിഹാരമുണ്ടാകണം.

സാമൂഹ്യ നീതിയും ഗുണമേൻമയും പരസ്പര പൂരകമായി കാണുന്ന സമീപനം പൊതുമിനിമം പരിപാടിയിൽ ദൃശ്യമല്ല. പാവപ്പെട്ടവർക്ക് പ്രൊഫഷണൽ മേഖലയിൽ അവസരം നൽകുമെന്ന് ഉറപ്പുനൽകുമ്പോൾ തന്നെ, ദുർബലവിഭാഗങ്ങൾക്കൊഴികെ പ്രവേശനം മെരിററ് അടിസ്ഥാനത്തിൽ പരിമിതപ്പെടുത്തുമെന്നു പറയുന്നില്ല. ഇതു പൊതുമിനിമം പരിപാടിയുടെ ഒരു ന്യൂനതയായി കാണേണ്ടതുണ്ട്. ഉന്നത/ പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്തെ സാമൂഹ്യനീതിക്കും ഗുണമേന്മയ്ക്കും ( Equity and Excellence) തുല്യപ്രാധന്യം നൽകികൊണ്ടുള്ള വികസന പരിപ്രേഷ്യം ഐക്യ പുരോഗമന സഖ്യത്തെക്കൊണ്ട് അംഗീകരിപ്പിച്ചെടുക്കാൻ പുരോഗമന പ്രസ്ഥാനങ്ങൾ വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്. ദുർബല വിഭാഗങ്ങൾക്കൊഴികെ, മെരിററിൻെറ അടിസ്ഥാനത്തിൽ പ്രവേശനവും സാമ്പത്തികശേഷിയുടെ അടിസ്ഥാനത്തിൽ ഫീസും നിശ്ചയിക്കുന്ന സമ്പ്രദായത്തിൻെറ പ്രായോഗികതലം വികസിപ്പിച്ചെടുക്കുകയും അതിന് നിയമസംരക്ഷണം നൽകുകയും ചെയ്യുക എന്നത് ഐക്യപുരോഗമന സഖ്യത്തിൻെറ അടിയന്തിര ദൗത്യമായി അംഗീകരിക്കപ്പെടണം.

പൊതുമിനിമം പരിപാടിയിൽ പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് നൽകിയ പ്രാധാന്യം മുഖ്യധാര വിദ്യാഭ്യാസത്തിന് നൽകിയതായി കാണുന്നില്ല. ഇത് പരിപാടിയുടെ മറെറാരു പോരായ്മയാണ്. പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് അമിത പ്രാധാന്യം നൽകുകയും മുഖ്യധാര വിദ്യാഭ്യാസത്തെ അവഗണിക്കുകയും ചെയ്യുന്ന പുത്തൻ പ്രവണതയുടെ പ്രതിഫലനമാണ് ഇവിടെ ദർശിക്കുന്നത്. അനുദിനം മാറിമാറിവരുന്ന ലോക സാഹചര്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാൻ തക്ക അറിവും നൈപുണ്യവും വളർത്തിയെടുക്കുന്നതിന് സഹായകമായ മുഖ്യധാര വിദ്യാഭ്യാസത്തെ പാർശ്വവൽക്കരിക്കുന്ന സമീപനം ശരിയല്ല. ഈ ധാരയെ കഴിവതും വൈവിദ്ധ്യമാർന്ന മേഖലകളിലേക്ക് വികസിപ്പിച്ചുകൊണ്ട് ശക്തിപ്പെടുത്തുകയാണ് വേണ്ടത്. വൈവിദ്ധ്യവൽക്കരണം എന്നത് ഉന്നത വിദ്യാഭ്യാസത്തിൻെറ അടിസ്ഥാന ഗുണങ്ങളിൽ ഒന്നായി തിരിച്ചറിഞ്ഞ് പ്രോൽസാഹിപ്പിക്കേണ്ടതുണ്ട്.

## വാണിജ്യവൽക്കരണം

പൊതുമിനിമം പരിപാടിയുടെ മറെറാരു ന്യൂനത ഉന്നത വിദ്യാഭ്യാസത്തിൻെറ വാണിജ്യവൽക്കരണത്തിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്നില്ല എന്നതാണ്. 2005 ജനുവരിയോടെ ഉന്നത വിദ്യാഭ്യാസം ആഗോള സേവന കരാറിൻെറ (GATS) അടിസ്ഥാനത്തിൽ വാണിജ്യവൽക്കരിക്ക

For every community, life is closely connected with the development of their native language. Through the study of the language we can clearly understand the subtle growth of their history and culture. Unfortunately, the new education system does not give any importance to regional languages. As a global langauage we give much more importance to English. Even now the state considers English as our first language and automatically the native language- Malayalam - comes to a second position. This not a situation that helps us to be proud of our culture. When we foreget our native language we lose our ability for subtle comprehension of the world. Now the regional languages likes Malayalam, Tamil and Kannada have a good time to flourish ever than before, thanks to the benefits of information revolution. Anyone who is sitting in any part of the world can read the news of his hometown and write letters to his mother in his mother tongue. More over, all kinds of web based services are available in our own language. Without any hesitation we have to utilize the possibilities available in the age of technology for a prosperous growth of our language. Yet our education system has not given enough space to native language in its syllabus and currculum. That is why our youth does not know how to use his mother tongue more emotively and effectively.

## Absence of Teachers

Due to the changes in the field of communication, distance learning and online courses became the popular style of instruction. In these systems we cannot see the presence of a real teacher who has an individual attention in students and a strong role in creating a value based social outlook in the pupil. Here we have to recognize the possibilties of lecture method. Even though It is traditional, the lecture method has its own role regarding the humanization of education. Instructors/tutors are the leaders in these programms. Some kind of coaching is going on in these schools of distance clearning. Coaching and teaching are entirely different. That is why in these efforts the learner does not get a chance for personality development and moral improvement. The student now and again gets their materials as printed/ downlodable notes. Teleconferencing and Net meeting are the expected ways to interact with the teacher. We can simply guess the limitations of the same. In this sense, education becomes more mechanical. It is considered as a non merit good that can be bought from any corner of the world.

## No Space for Imagination

Nowadays there is a tendency, both in western and eastern universities, to avoid famous literary figures and their contributions from the syllabi. For example, some of the universities in England have recently decided to throw out Chaucer, Shakespeare and Marlowe from the degree classes. Likewise, in Indian universities the space given to Kalidasa, Tagore, Ezhuththachan has gradually become insignificant. As Shelly properly put it, 'poets are the unacknowledged legislators of mankind'. They give

form to human values by which we create life beautiful and widen the horizon of imagination through which we live differently. When we simply forget their contributions, we may lose our mental ability to see the truth and beauty of human life. Besides, we are also losing the emotional content both in the classroom and in the society. Even through it has some limitations, the traditional courses, especially in the humanities, have a human nature in its content and form. It will help us, to some extent , to humanize our education.

## Reading without Response

As a consequence of the misreading of human knowledge the present generation goes far away from the habit of fruitful reading. They have lost faith in reading Dostoevsky or Tolstoy for true feeling of realization. They read only what give them a job or some sort of erotic pleasure. They have no time for extra reading that helps human mind to grow beyond time and space and achieve something near to a shining star. As a result of the situation that gives all information about the world in a click, they are also losing their memory. Loss of memory leads to lack of imagination. Absence of imagination directs them to a void where there is no human emotion. Such persons cannot identify with the inner meaning of strange and unnatural human situations revealed in work of art and appreciate the aesthetic quality of the same.

In short, in the name of new technological advancement we should not deny possible human qualities to the present generation. If they are going to read human history and culture in Zero Degree as part of their education, the future of human race will be so unpleasent. The objective of each and every lesson we learn/ teach will be gone skeptical. Our immediate aim is to help the student community to regain the vital qualities, which, in one way or other, help them to make the world more human.

# ഫ്രീഡം

ഡോ. വി. ചന്ദ്രൻ
*ടി. കെ. എം. കോളജ് ഓഫ് ആർട്സ് & സയൻസ്, കൊല്ലം*

ഇന്നലെ
റൂസ്സോ ചൊല്ലി,
"മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു
എന്നാൽ എല്ലായിടത്തും അവർ ചങ്ങലകളിലാണ്"
പ്രിയപ്പെട്ട റൂസ്സോ,
ഇന്ന്, താങ്കളുടെ ഇളംമുറക്കാർ
തിരുത്തുന്നു-
"മനുഷ്യൻ ചങ്ങലകളോടെ ജനിക്കുന്നു.
എല്ലായിടത്തും അവൻ ചങ്ങലകളിലാണ്
ഇന്നലകളുടെ ഉച്ചിഷ്ടങ്ങളും പേറി
പിറന്നു വീഴുന്ന ശിശുക്കൾ
അന്ത്യംവരെ അതിന്റെ ദുർഗന്ധത്തിൽ
വീർപ്പുമുട്ടുന്നു, എന്നിട്ടും
പനിനീരിന്റെ സുഗന്ധം
ചിലർ കണ്ടെത്തുന്നു
അവർ ഒററയാണ്
പാരമ്പര്യത്തിന്
ചോദ്യചിഹ്നങ്ങൾ!
പാരതന്ത്ര്യത്തിന്റെ
ചങ്ങലകളെ അവർ തകർത്തെറിയുന്നു.
അതെ.
നമുക്കും ഒററയാകണം.
പിന്നെ
ഒററയുടെ കൂട്ടങ്ങളും!
എങ്കിൽ,
ആണ്ടുകൾക്കപ്പുറം
ഒരുലോകം പിറക്കും
പിറന്നുവീഴുന്ന ശിശുക്കൾ
നമ്മളെ തിരുത്തും
അവർ റൂസ്സോയുടെ ശബ്ദങ്ങളെ
പാകപ്പെടുത്തി
ഇങ്ങനെ ചൊല്ലും-
"ഇന്നു മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു,
ഒരു പക്ഷെ നാളെയും അങ്ങിനെയാകും"
അതെ, ആ ഒരുലോകം വരും,
പരിണാമചക്രം
ആ ഭൂമിയേയും
പുണരാതിരിക്കില്ല!!!

# ഉള്ളൂർ വാർത്തയിൽ

എം.എസ്. വസന്തകുമാർ
*എസ്. എൻ. കോളജ്, കൊല്ലം*

കവിത്രയത്തിലെ ഉദ്ധ്യയനശീലമായ ഗാരുഡചേതന , ഉള്ളൂർ എസ് പരമേശ്വരയ്യരുടെ, 'അന്വത്തി' അഞ്ചാം ചരമദിനം ജൂൺ 15ന് ആയിരുന്നു. കേരള കൗമുദി യിൽ ശ്രീ. എസ്. പ്രേംലാൽ കവിയുടെ ഭവനമായ ശാരദാനികേതനെ പറ്റിയും ഉള്ളൂർ കുടുംബ വൃക്ഷത്തിന്റെ 'ചില്ലകളെ' പരിചയപ്പെടുത്തിയും ശ്രദ്ധേയമായ ഒരു ലേഖനം അന്നേ ദിവസം പ്രസിദ്ധപ്പെടുത്തിയിരുന്നു.

1877 ജൂണിൽ (1052 ഇടവം 25) ആണ് ഉള്ളൂർ ജനിച്ചത്. ചങ്ങനാശ്ശേരി പെരുന്ന താമരശ്ശേരി ഇല്ലത്തായിരുന്നു ജനനം. അവിടെ സ്കൂൾ ഇൻസ്പെക്ടറായിരുന്ന സുബ്രഹ്മണ്യ അയ്യർ ആയിരുന്നു പരമേശ്വര അയ്യരുടെ അച്ഛൻ.

ഉള്ളൂരിന് 13 വയസ്സുള്ളപ്പോൾ മലയാള മനോരമയുടെ ആദ്യ പ്രതിയിൽ അദ്ദേഹം രചിച്ച മംഗളപത്രം പ്രസിദ്ധീകരിച്ചു. 14-ാമത്തെ വയസ്സിൽ സംസ്കൃത പാണ്ഡിത്യവും ആർജിച്ചു കഴിഞ്ഞിരുന്നു. കാളിദാസന്റെകാവ്യനാടകാദികളും ഹർഷന്റെ നൈഷധീയ ചരിതവും മേൽപ്പത്തൂരിന്റെ സുഭദ്രാഹരണാദി പ്രബന്ധങ്ങളും പഠിച്ചു തീർത്തു. അസാധാരണമായ ഓർമ്മശക്തി ഉണ്ടായിരുന്നതുകൊണ്ട് അദ്ദേഹത്തിന് ഹൃദിസ്ഥമായിരുന്ന കാവ്യഭാഗങ്ങളും മുക്തകങ്ങളും അനന്തമായിരുന്നുവത്രെ. ഈ ധാരണാശക്തിയും സാഹിത്യ ചരിത്രനിർമ്മാണത്തിൽ അദ്ദേഹത്തെ കണക്കറ്റ് തുണച്ചിട്ടുണ്ട്.

കുടുംബം പുലർത്താൻ അദ്ദേഹം മാറി മാറി ചേക്കേറിയ ഉദ്യോഗ സങ്കേതങ്ങളിൽ അതിസാമർത്ഥ്യം പുലർത്തുകയും പ്രശംസനീയമാവുകയും ചെയ്തിരുന്നു. ഈ ചുമതലാ ബാഹുല്യത്തിനിടയിലാണ് അദ്ദേഹം സർഗ്ഗക്രിയയുടെ ശാന്തസന്ധികൾ നെയ്ത് വിസ്മയകരമായ ഒരു സാഹിത്യ സാഗരം സൃഷ്ടിച്ചത്. ഒരു ചമ്പു (സുജാതോദ്വാഹം) ഒരു മഹാകാവ്യം (ഉമാകേരളം) പതിമൂന്ന് ഖണ്ഡ



*മഹാകവി ഉള്ളൂർ*

കാവ്യങ്ങൾ (വഞ്ചീശ ഗീതി, ഒരു നേർച്ച, ഗജേന്ദ്ര മോക്ഷം, മംഗള മഞ്ജരി, കർണ്ണഭൂഷണം, പിംഗള, ചിത്രശാല, ചിത്രോദയം, ഭക്തി ദീപിക, മിഥ്യാപവാദം, ദീപാവലി, ചൈത്രപ്രഭാവം, ശരണോപഹാരം) പത്ത് കവിതാ സമാഹാരങ്ങൾ (കാവ്യചന്ദ്രിക, കിരണാവലി, താരഹാരം, തരംഗിണി, മണിമഞ്ജുഷ, ഹൃദയകൗമുദി, രത്നമാല, അമൃതധാര, കല്പശാഖി, തപ്തഹൃദയം) എന്നിവ 'ഉള്ളൂർ നൽകിയ കാവ്യസമ്മാനങ്ങളാണെങ്കിൽ വിജ്ഞാനദീപിക (നാലു വാല്യങ്ങൾ) കേരള സാഹിത്യചരിത്രം (ഏഴു വാല്യങ്ങൾ) എന്നി ഗദ്യസാഹിത്യപ്പരപ്പിൽ പെടും. ഗവൺമെന്റ്

സെക്രട്ടറി, ചീഫ് സെക്രട്ടറി, ദിവാൻ പേഷ്കാർ എന്നീ സമുന്നത ഉദ്യോഗചുമതലാപ്രകർഷം ഉള്ളൂരിന്റെ സാഹിത്യസപര്യയ്ക്ക് വിലങ്ങിട്ടില്ല. ഭാഷാപാണ്ഡിത്യവും പ്രാസനിഷ്കർഷയും അലങ്കാരധോരണിയും സമഞ്ജസം സമ്മേളിച്ച കാവ്യകലാസൗന്ദര്യത്തിന്റെ പ്രൗഢനാദമായിരുന്നു ഉള്ളൂർ 1913 ലായിരുന്നു ഉമാകേരളം (മഹാകാവ്യം) പ്രസിദ്ധം ചെയ്തത്. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ ആയിരുന്നു ആ കാവ്യത്തിന് അവതാരിക എഴുതിയത്. 'ജ്ഞാനത്തിന്റെ' വൈപുല്യവും ധാരണാശക്തിയുടെ ദാർഢ്യവുമാണ് ഉള്ളൂരിൽ അദ്ദേഹം ദർശിച്ച രണ്ട് ഗുണങ്ങൾ.

'കൃശമായ അധുനാതന മലയാള സാഹിത്യത്തിന് സഗൗരവമായ പുഷ്ടി നൽകുന്നഅത്യുൽകൃഷ്ട

'ഗ്രന്ഥ' മായിട്ടാണ് കേരളവർമ്മ 'ഉമാകേരള' ത്തെ അവതരിപ്പിക്കുന്നത്.

മഹാകവി വള്ളത്തോൾ 'ഉമാകേരളം' ഒന്നിലധികം ആവൃത്തി വായിച്ച് ഭാഷയ്ക്ക് ഐകരൂപ്യം വരുത്തി പല ദിക്കുകളിൽ പാഠഭേദങ്ങൾ കാണിച്ച്, നിഷ്കർഷിച്ച് കുലങ്കഷമായി പരിശോധിച്ച് അനുഗ്രഹിച്ചതിന് ഗ്രന്ഥാമുഖത്തിൽ ഉള്ളൂർ വള്ളത്തോളിന് കൃതജ്ഞത രേഖപ്പെടുത്തിയിട്ടുണ്ട്. മലയാള സാഹിത്യത്തിലെ മഹാമേരുക്കൾ ഈവിധം നിരസൂയം സമ്പർക്കപ്പെട്ടിരുന്നു എന്നത്

സമകാലിക സൗഹൃദകാപട്യങ്ങൾക്ക് അപവാദമാണ്. അഞ്ചുവർഷത്തോളം വേണ്ടി വന്നു 'ഉമാകേരളം' പൂർത്തീകരിക്കുവാൻ. 'ഉമാകേരളത്തിൽ' നിന്ന് പ്രഥിത പദ്യങ്ങൾ ഉദ്ധരിക്കാൻ ആരംഭിച്ചാൽ ഒടുങ്ങുകയില്ല എന്ന് ഡോ.എം. ലീലാവതി രേഖപ്പെടുത്തിയിരിക്കുന്നു. (മലയാള കവിതാ സാഹിത്യ ചരിത്രം p.228). രസാനുഗുണമായ ശബ്ദപ്രയോഗം കൊണ്ടുള്ള ചൈതന്യം ആ കാവ്യത്തിന് സാംഗോപാംഗം ചലനാത്മകത നൽകിയിട്ടുണ്ട്... ഉള്ളൂരിന്റെ കവന സിദ്ധികളും ധൈഷണിക സജ്ജീകരണങ്ങളും ഒത്തു ചേർന്ന് പരിലസിക്കുന്ന കൃതി ഉമാകേരളം തന്നെയാണ്''.

തിരുവിതാംകൂർ ചരിത്രത്തിന്റെ പശ്ചാത്തലത്തിലുള്ള ഒരു കഥയെയാണ് ഉമാകേരള ത്തിന്റെ ഇതിവൃത്തമായി കൈകൊണ്ടത്. സങ്കീർണ്ണമായ ഗതിവിഗതികളിലൂടെ പുരോഗമിക്കുന്ന സംഘർഷാത്മകമായ ഒരു പ്രണയകഥ സർവ്വരസോചിതം, ലക്ഷണയുക്തമായി സർഗ്ഗക്രിയാവിധേയമാക്കി അവതരിപ്പിക്കുകയായിരുന്നു ഉള്ളൂർ. ഖണ്ഡകാവ്യങ്ങളിൽ ശ്രദ്ധേയം 'കർണ്ണഭൂഷണ' മത്രെ. സൂരജനായ കർണ്ണനെ സൂതജനാക്കുന്ന പേടകജലയാനം ഉള്ളൂർ ഇങ്ങനെ കുറിക്കുന്നു,

ചർമ്മണ്വതിയും യമുനയും ഗംഗയും
ചമ്പാപുരി വരെ മാറി മാറി
വെണ്ണുര വൈരക്കൽക്കാപ്പണിഞ്ഞീടിന
തന്നലകൈകളാൽ താങ്ങിതാങ്ങി
എന്നിളം പൈതലിൻ മെയ്യൊളിമേല്ക്കുമേൽ
പൊൻനിറം പൂശമപ്പേടകത്തെ
കൊണ്ടുചെന്നപ്പുറം രാധയിൽ ചേർപ്പതു
കണ്ടേൻ ഞാൻ ദൂരസ്ഥനന്യതന്ത്രൻ

'മാനവജാതിയിൽ മാനുഷീവർഗ്ഗത്തിൽ' പിറന്ന പിങ്ഗള സ്ത്രീയായ സ്ത്രീയിലൊക്കെ ഉറങ്ങിക്കിടക്കുന്ന മാതൃത്വാഭിലാഷത്തിന്റെ അസാക്ഷാൽക്കാരമെന്ന സ്ഥിതി വിശേഷത്തിന്റെ പ്രതിനിധിയത്രെ.

പാണിയിൽ തൻ കളിപ്പൈതലായ് മേവിന
മാണിക്യവല്ലകിയേന്തി മെല്ലെ
തൻതളിർ പൊൻമടിമെത്തമേൽ ചേർത്തതിൽ
തന്ത്രികളോരോന്നു മീട്ടിമീട്ടി..........
മേവുന്ന പിങ്ഗള

'മേൽക്കുമേലുള്ള ഉത്കർഷസാരത്തെക്കുറിച്ച് ബോധവതിയായി എന്നാണ് സങ്കല്പം. കവിയുടെ ഉജ്ജ്വലദേശാഭിമാനവും പൈതൃക സ്വത്തായ പൗരണികത്വത്തിലുള്ള ഭക്തിയും

തെളിയിക്കാനാണ് അവ കൂടുതൽ ഉപകരിക്കുന്നത്. പിങ്ഗളയ്ക്ക് നിർവ്വേദം കൈവന്നതിന് ശേഷമുള്ള ഭാരതമാഹാത്മ്യ പ്രകീർത്തനവും ആ നിലയ്ക്ക് തന്നെയാണ് ശ്രദ്ധേയമായി തീർന്നത്.' (ഡോ.എം. ലീലാവതി) 'ചിത്രശാല യുടെ പ്രാരംഭമിങ്ങനെയാണ്–

ഭാരതക്ഷമേ! നിന്റെ പെൺമക്കളടുക്കള–
ക്കാരികൾ, വീടാം കൂട്ടിൽകുടുങ്ങും തത്തമ്മകൾ,
നരന്നു ഗർഭാധാനപാത്രങ്ങ, ളാജന്മാന്തം
പരതന്ത്രങ്ങൾ, പശുപ്രായക, ള ബലകൾ,
ആടയും പണ്ടങ്ങളും കൊണ്ട് മെയ്യാകെക്കൂടി
മൂടിന യന്ത്രക്കളിപ്പാവകൾ, വരാകികൾ

പുരുഷാധീശത്വത്തിന്റെ പുറമ്പോക്കിലെ വിഗണിത ഭൂരിപക്ഷത്തോട് അനുകമ്പ പ്രകടിപ്പിക്കുന്നതാണല്ലോ ഈ ആശയസൽഗതി. അധുനാതന സാഹിത്യപന്ഥാവുകളിൽ പാശ്ചാത്യരുടെ അധികാരക്കൊതിയുടെ ഓമനക്കൗതുകമായി അവരുടെ ആജ്ഞാനുവർത്തികളുടെ തൂലികാവിശേഷമായി എത്തുന്ന ഫെമിനിസത്തോട് ഇതിനെ താരതമ്യം ചെയ്തു നോക്കാവുന്നതാണ്.

ധീരോദാത്തതയുടെ ഉൽക്കൃഷ്ടമായ ആശയങ്ങൾ വഹിക്കുന്ന വരികളെത്ര ഊർന്ന് വീണതാണ് ആ മഹാതൂലികത്തുമ്പിൽ നിന്ന് !

ശ്വസിച്ചു ചാകുന്നതിലെത്രമെച്ചം
മരിച്ചു ജീവിപ്പതു മന്നിടത്തിൽ!
അതോർത്തു നീ ചെയ്യുക നിന്റെ ധർമ്മം
അങ്ങേപ്പുറത്തേയ്ക്കധികാരി ദൈവം.

അനശ്വര രക്തസാക്ഷിത്വങ്ങളെ സൂചിപ്പിക്കുന്ന മരിച്ച് ജീവിപ്പതും എന്ന പ്രയോഗം സമകാലിക ഭാഷാപ്രയോഗത്തിലില്ലാത്തതാകാം. വരും തലമുറകൾക്ക് യഥേഷ്ടം വിഹരിക്കാവുന്ന ഫലസങ്കുലമായ സാഹിത്യഛായകൾ ഏല്പിച്ച് 'മരിച്ചു ജീവിക്കുന്ന 'സമ്പുഷ്ട ചൈതന്യമായി ഉള്ളൂർ മാറിയത് സമർപ്പിത സാധനയ്ക്ക് തന്റെ ജന്മസിദ്ധികൾ വിഷയീഭവിച്ചത് കൊണ്ടാണ്. കേവലം ശ്വസിച്ച് ചാകാൻ വെറും ഒരു ഉദ്യോഗസ്ഥനായി മാത്രം ചുരുങ്ങാതെ തന്റെ ജന്മനിയോഗം സാർത്ഥകമാക്കിയ കവിവര്യനെ ഈ വിധമെങ്കിലും സ്മരിക്കാൻ ഇടവരുത്തിയ പ്രേംലാലിന് നന്ദി. നമ്മുക്ക് ഉള്ളൂരിലേക്ക് ഇനി കൂടുതൽ സഞ്ചരിക്കാം.

# വാനവിശേഷങ്ങളുടെ വിസ്മയത്തുമ്പത്ത്

വാനമേ, ഗഗനമേ, വ്യോമമേ, സുരസിദ്ധ-
സ്ഥാനമേ, വിഹായസ്സേ, നഭസ്സേ, നമസ്കാരം!
ചന്ദ്രാർക്കരാകും വെൺ ചെന്താമരപ്പൂവുകളും
സുന്ദരതാരങ്ങളാം നൈതലാമ്പലുകളും
വിരിഞ്ഞുപൊന്തും മഹാവിസ്തീർണ്ണതടാകം നീ
ഗരുഡത്തകക്കപ്പൽ ചരിക്കും സമുദ്രം നീ

സ്രഷ്ടാവായ ബ്രഹ്മാവ് ഒരു കയ്യിൽ സൗന്ദര്യബോധവും മറുകയ്യിൽ സദാചാരബോധവും വച്ചിട്ട് ഏതു വേണം എന്നു ചോദിച്ചാൽ അങ്ങെന്ത് പറയും? ചോദ്യം

സഞ്ജയന്റെതായിരുന്നു. ചോദിച്ചത് വള്ളത്തോളിനോടും. നിസ്സംശയം വള്ളത്തോൾ പറഞ്ഞു, സൗന്ദര്യബോധം! അത് അങ്ങേയ്ക്ക് വേണ്ടുവോളമുണ്ടല്ലോ എന്നായി സഞ്ജയൻ. അപ്പോൾ വള്ളത്തോൾ പറഞ്ഞു, സൗന്ദര്യബോധം എത്ര കിട്ടിയാലാണ് മതിയാവുക! അങ്ങനെ ലാവണ്യാഭിമുഖ്യമുള്ള മഹാകവി, മുകളിലെ പദ്യം കുറിച്ച് പോയത് സ്വാഭാവികം. അർക്കനും ചന്ദ്രനും താരങ്ങളും വിരിയുന്ന വൻ തടാകമാണ് വാനം, ഗരുഡയാനം നടക്കുന്ന സമുദ്രമാണത് എന്നൊക്കെയുള്ള കാന്തി പ്രകീർത്തനം, നയനഗോചരമായ ബാഹ്യലോകത്തിന്റെ പരിമിതിക്കുള്ളിൽ നിന്നു കൊണ്ടാണ്. അനന്തവും അജ്ഞാതവും അവർണ്ണനീയവുമായ

പ്രപഞ്ചത്തെ ജ്ഞാതവും വർണ്ണനീയവുമാക്കുന്ന മാനവപ്രജ്ഞയുടെ വിസ്മയകരമായ സമീപകാല സംഭവപ്പൊലിമകളിലൂടെ ഒരു പ്രദക്ഷിണമാണ് വാർത്താമാദ്ധ്യമത്തിലെ

രണ്ടാമത്തെ ഇനം.

## (1) ഇനിയൊരു ശുക്രസംതരണവും കാത്ത്.......

2004 ജൂൺ 8ന് വാനകൗതുകികൾക്ക് ആഹ്ലാദദിനമായിരുന്നു. പ്രഭാതത്തിലും പ്രദോഷത്തിലും സൗവർണ്ണ താരമായി വിളങ്ങുന്ന ശുക്രൻ കറുത്ത പൊട്ടായി സൂര്യനുമുന്നിൽ കൂടി സഞ്ചരിച്ചു.

സൂര്യനും ഭൂമിയ്ക്കുമിടയിൽ ശുക്രനെത്തി കടന്നുപോവുകയാണ് ചെയ്തത്. ഒരു നൂറ്റാണ്ടിൽ ഈ വാനക്കാഴ്ച്ച രണ്ട് പ്രാവശ്യം ആവർത്തിക്കും. ശുക്രസംതരണം അഥവാ

Transit of Venus (TOV).

1631 ൽ ഇതു സംഭവിക്കുമെന്ന് കെപ്ലർ കണക്കുകൂട്ടി പറഞ്ഞു. പക്ഷെ കെപ്ലർ 1630 ൽ മരിച്ചു. ഗസാൻഡി എന്ന ശാസ്ത്രജ്ഞൻ ഈ



*ശുക്രസംതരണം*

കാഴ്ച്ചയ്ക്ക് കാത്തിരുന്നു, കാണാൻ ശ്രമിച്ചു. നടന്നില്ല. എന്നാൽ ഇത് 1639 ൽ ആവർത്തിച്ചപ്പോൾ ഹൊറോക്സ് എന്ന ബ്രിട്ടീഷ് യുവാവ് (ശാസ്ത്രജ്ഞൻ) ദൂരദർശിനിയിലൂടെ കണ്ടു. അദ്ദേഹത്തിന് അന്ന് കേവലം പത്തൊൻപത് വയസ്സായിരുന്നു. ഇരുപത്തിയൊന്നാമത്തെ വയ

സ്സിൽ ഹൊറോക്സ് മരിച്ചു. 1761 ലും 1769 ലും ശുക്രസംതരണമുണ്ടാകുമെന്ന് പ്രസിദ്ധനായ എഡ്മണ്ട് ഹാലി പ്രഖ്യാപിച്ചു.

ശുക്രൻ സൂര്യബിംബത്തെ ഒരു കറുത്ത പൊട്ടായി തൊടുന്ന നിമിഷത്തെ ഒന്നാം സ്പർശമെന്നും, സൂര്യബിംബത്തിലേക്ക് കടക്കുന്ന നിമിഷത്തെ രണ്ടാം സ്പർശമെന്നും, സൂര്യബിംബത്തിൽ നിന്നും പുറത്തേക്കിറങ്ങുന്നതിന് തൊട്ടുമുമ്പുള്ള ഘട്ടം മൂന്നാം സ്പർശമെന്നും, പൂർണ്ണമായി സൂര്യബിംബത്തെ വേർപെടുന്ന നിമിഷത്തെ നാലാം സ്പർശമെന്നും തരം തിരിച്ചത് ഹാലിയാണ്. (1748 ൽ ഹാലീസ് കോമറ്റ് (ഹാലിയുടെ വാൽനക്ഷത്രം) ആദ്യം കണ്ട ഹാലി ) പിന്നീട് 1874 ലും 1882 ലും ശുക്രസംതരണമുണ്ടായി.

ഇപ്പോഴത്തേതിന് ശേഷം 2012 ൽ ആവർത്തിക്കുന്ന ശുക്രസംതരണം 2117 ലും 2125 ലും സംഭവിക്കും. അന്ന് ഇന്നുള്ളവരാരും ജീവനോടെ കാണില്ല എന്ന് തീർത്തുപറയുന്നത് ശരിയാണോ? ചൊവ്വയിൽ ജീവൻ മുളപ്പിക്കാൻ മെത്തനോജൻ ബാക്ടീരിയയെ അയയ്ക്കുന്ന, ശനിയിൽ മൂട്ടയെ അയയ്ക്കുന്ന മനുഷ്യന്റെ അത്ഭുത പ്രജ്ഞ മരണത്തെ കീഴടക്കില്ലെന്ന് ആര് കണ്ടു?

## (2) വലിയ നക്ഷത്രവ്യൂഹം ചെറുതിനെ വിഴുങ്ങുന്നു.

ഹബിൾ സ്പേസ് ടെലസ്ക്കോപ്പിന്റെ കണ്ണിൽപ്പെട്ട ഒരു അത്ഭുതം അപ്പോൾ തന്നെ ക്ലിക്കടിച്ചു. വലിയ ഒരു നക്ഷത്രവ്യൂഹം ചെറിയ ഒന്നിനെ വിഴുങ്ങുന്നതാണ് രംഗം. ചെറുതിലെ



*ഹബിൾ സ്പേസ് ടെലസ്കോപ്പിന്റെ ക്യാമറ വിരുത്*

നക്ഷത്രങ്ങൾ തൂവൽ കൊഴിയുംപോലെ വലിയതിലേക്ക് പായുന്നു. ഭൂമിയിൽ നിന്ന് 2 ബില്യൺ പ്രകാശവർഷം അകലെയാണ് സംഭവം.

## (3) കാസിനിയുടെ ശനിദൗത്യം

1997 ൽ അമേരിക്കയിലെ കേപ് കനാവെറലിൽ നിന്ന് ഒരു ശൂന്യാകാശ പേടകം



*ശനിയും ഉപഗ്രഹങ്ങളും*

കുതിച്ചുയർന്നു. രണ്ട് എൻജിനുകൾ, ആന്റിനകൾ, മൂന്ന് ലക്ഷം ഫോട്ടോകൾ എടുക്കാൻ കഴിവുള്ള രണ്ട് ക്യാമറകൾ മുതലായ സൗകര്യങ്ങളോടു കൂടിയ കാസിനി ആയിരുന്നു അത്. നാസ, യൂറോപ്യൻ സ്പേസ് ഏജൻസികൾ എന്നിവയുടെ സംയുക്തസംരംഭമായിരുന്നു കാസിനി.

ശനിഗ്രഹത്തെ പഠിക്കുക എന്നതാണ് കാസിനിയുടെ ദൗത്യം. അത് 2004 ജൂൺ രണ്ടാം വാരത്തോടെ ശനിയുടെ വിദൂര ഉപഗ്രഹമായ ഫീബിയ്ക്ക് 2000 കിലോമീറ്റർ അടുത്തുകൂടി സഞ്ചരിച്ചു തുടങ്ങി. കാസിനി 30 മണിക്കൂർ കൊണ്ടാണ് ഫീബിയെ കടന്നു പോയത്. സൗരയൂഥത്തിലെ ഏറ്റവും ദുരൂഹതകളുള്ള ഫീബി യുടെ ചിത്രങ്ങളെടുത്ത് കാസിനി ഭൂമിയിലേക്ക് അയച്ചു കഴിഞ്ഞു. 150 കോടി കിലോമീറ്റർ അകലെയുള്ള കാസിനി ഒരു

ചിത്രമയച്ചാൽ ഭൂമിയിലെത്താൻ 83 മിനിറ്റ് വേണ്ടി വരുന്നു.

ശനിയിൽ നിന്ന് 1.3 കോടി കിലോമീറ്റർ അകലെയാണ് ഫീബി. അതിന്റെ വിസ്തൃതി 220 കിലോമീറ്ററാണ്. അഗാധമായ കുഴികൾ ഫീബിയുടെ പ്രത്യേകതയായി ചിത്രങ്ങൾ സൂചിപ്പിക്കുന്നു. ഫീബിക്ക് മഷിക്കറുപ്പാണ്. സൂര്യപ്രകാശം വേണ്ടത്ര പ്രതിഫലിക്കാൻ കഴിയാത്തതാണ് ഈ കറുപ്പിന് കാരണം. സൗരയൂഥ അതിർത്തി



*ഫീബി*

യായ ക്വിപ്പർ ബെൽറ്റിൽ നിന്ന് ശനിയുടെ ഗുരുത്വാകർഷണ മണ്ഡലത്തിൽ പെട്ടുപോയതാണ് ഫീബി. ശനിക്ക് ഇതു കൂടാതെ 29 ഉപഗ്രഹങ്ങൾ ഉണ്ട്. ഫീബി ശനിയെ ചുറ്റുന്നത് മറ്റുള്ള ഉപഗ്രഹങ്ങളുടെയെല്ലാം എതിർ ദിശയിലാണ്.

**ടൈറ്റൻ :-**

ശനിയുടെ ഏറ്റവും വലുതും, സൗരയൂഥത്തിലെ രണ്ടാമത്തെ വലുപ്പമുള്ളതുമായ ഉപഗ്രഹമാണ് ടൈറ്റൻ. ഇതിൽ ഇറങ്ങാൻ കാസിനിയ്ക്കൊപ്പം ചേർത്തിട്ടുള്ള ഹൈജെൻസ് 'പ്രോബ്' എന്ന ഉപകരണമുണ്ട്. 318 കിലോഗ്രാം ഭാരമുണ്ട് ഹൈജെൻസ് പ്രോബിന്. 2004 ലെ ക്രിസ്തുമസിന് അത് കാസിനിയിൽ നിന്ന് വേർപെടും; 2005 ജനുവരി 15 ന് ടൈറ്റനിൽ ഇറങ്ങും. ഇറക്കത്തിന്റെ ആഘാതഫലമായി ഊഷ്മാവ് 1700 ഡിഗ്രി വരെ ഉയരും.

അതിനെ അതിജീവിക്കാനുള്ള ശേഷിയോടെയാണ് ഹൈജെൻസിനെ നിർമ്മിച്ചിരിക്കുന്നത്. സൗരയൂഥത്തിലെ ബുധൻ, പ്ലൂട്ടോ എന്നീ ഗ്രഹങ്ങളേക്കാൾ വലുതാണ് ടൈറ്റൻ.

വ്യാഴം കഴിഞ്ഞാൽ ഏറ്റവും വലിയ ഗ്രഹമാണ് ശനി. സൂര്യനെ വലം വയ്ക്കാൻ 10,775 ദിവസം വേണം. അവിടുത്തെ ഒരു ദിവസം കഷ്ടിച്ച് പത്തരമണിക്കൂർ മാത്രം! അന്തരീക്ഷം നിറയെ ഹൈഡ്രജനാണ്. ചെറിയ തോതിൽ മീതേനും ഹീലിയവും ഉണ്ട്. 1500 കിലോമീറ്റർ വേഗതയുള്ള കാറ്റടിക്കുന്നുമുണ്ട്. വെള്ളത്തിൽ പൊങ്ങിക്കിടക്കാനുള്ള സാന്ദ്രതയേ ഈ ഗ്രഹത്തിനുള്ളൂ.

ജീവന്റെ സാദ്ധ്യത ഇല്ല. ഊഷ്മാവ് –179°c ! എങ്കിലും മനുഷ്യന്റെ ജിജ്ഞാസാപൂരണത്തിന് അവന്റെ വിസ്മയകരമായ പ്രജ്ഞാശേഷിയെ ശനിയിലേക്ക് കയറൂരി വിട്ടിരിക്കുകയാണ്.

## (4) സെഡ്ന– ഒരു പേരിൽ എന്തിരിക്കുന്നു?

വടക്കേ അമേരിക്കക്കാരായ ഇനുയിറ്റ് വംശജരുടെ സമുദ്രദേവിയാണ് സെഡ്ന.

ഇനുയിറ്റുകൾക്ക് സുപരിചിതമായത് മഞ്ഞുമൂടിയ ആർട്ടിക് സമുദ്രം. മൈനസ് ഇരുന്നൂറ്റിനാല്പത് ഡിഗ്രി ഊഷ്മാവെന്ന അത്യപൂർവ്വ ശൈത്യം പുതച്ച ഒരു പുതിയ ഗ്രഹം പ്ലൂട്ടോയ്ക്ക് അപ്പുറത്തുണ്ടെന്ന് അറിഞ്ഞപ്പോൾ സെഡ്ന എന്ന പേര് അതിന് ഉചിതമാണെന്ന് അത് കണ്ടുപിടിച്ച യു.എസ് വാനശാസ്ത്രകാരൻമാർക്ക് തോന്നി. ഇന്റർനാഷണൽ ആസ്ട്രോണമിക്കൽ യൂണിയൻ (IAU) ആണ്



*സെഡ്ന*

വാനവസ്തുക്കൾക്ക് പേരിടുന്നത്. ഇപ്പോൾ 2003 VB12 എന്നാണ് അതിന്റെ ഔദ്യോഗിക നാമം. റോമൻ, ഗ്രീക്ക് നാമങ്ങളാണ് നമ്മുടെ സൗരയൂഥ ഗ്രഹങ്ങൾക്ക് നൽകിയിരിക്കുന്നത്. ഹുയ എന്ന ഒരു ചെറിയ ഗ്രഹം ഉണ്ട്. വെനിസ്യൂലൻ പുരാണത്തിലെ മഴദേവന്റെ പേരാണ

# ഓഫ് ക്യാമ്പസ് കോഴ്സ് - യു.സി.കോളജ് അധ്യാപക സമരം: തിളക്കമാർന്ന വിജയം

ആലുവ യു.സി.കോളജിൽ ഓഫ് ക്യാമ്പസ് കോഴ്സുകൾക്കെതിരെ എ കെ പി സി ടി എ നേതൃത്വത്തിൽ അധ്യാപകർ നടത്തിവന്നിരുന്ന പ്രക്ഷോഭസമരം ശ്രദ്ധേയമായ നേട്ടം കൈവരിച്ചു. അനിശ്ചിതകാല നിരാഹാരസമരം വരെ എത്തിയ അധ്യാപകസമരം വരെ എത്തിയ അധ്യാപകസമരം ജൂലായ് 2-ാം തീയതി അധ്യാപക പ്രതിനിധികളും മാനേജ്മെന്റുമായി ഒപ്പുവെച്ച വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പിൻവലിച്ചു. എത്തിച്ചേർന്ന വ്യവസ്ഥകൾ ഇവയാണ്.

I. 3-7-04 ൽ യു.സി. കോളജിൽ വെച്ച് നടത്താൻ നിശ്ചയിച്ച B.Com off campus course ന്റെ Interview നടത്തുന്നതല്ല.
II. B.Com off Campus Course ന്റെ ക്ളാസ്സുകൾ യു.സി. കോളജിൽ വെച്ച് നടത്തുന്നതല്ല.
III Off - Campus Course - കളെ സംബന്ധിച്ച നിലപാടുകൾ review ചെയ്യപ്പെടുന്നതാണ്.
IV കോളജിൽ നിലവിലുള്ള എയിഡഡ് കോഴ്സുകളെ ശക്തിപ്പെടുത്തുന്ന നടപടികൾ മൂന്ന് മാസത്തിനകം സ്വീകരിക്കും.
V. ഈ കാര്യങ്ങൾ സംബന്ധിച്ച് സംയുക്ത പ്രസ്താവന നടത്തും.

## പ്രക്ഷോഭത്തിന്റെ തുടക്കം

എം.ജി.യൂണിവേഴ്സിററിയുടെ ആദ്യകാലത്തെ Distance Education Centreന്റെ ഒരു പ്രാദേശിക കേന്ദ്രം യു.സി.കോളജിൽ നിലനിന്നിരുന്നു.

ഓഫ് ക്യാമ്പസ് സംബന്ധിച്ച ഹൈക്കോടതി വിധിയെ തുടർന്ന് യൂണിവേഴ്സിററി അതിന്റെ ഓഫ് ക്യാമ്പസ് വിഭാഗം Distance Education Centre ന് കീഴിൽ കൊണ്ടുവരുന്നു. അങ്ങനെ യു.സി.കോളജിൽ ഒരു Off Campus Centre നിലവിൽവരുന്നു. ഇവിടെ നിലനിന്നിരുന്ന BCA കോഴ്സിനോട് ഒപ്പം ലൈബ്രറി സയൻസ്, B.Com കോഴ്സുകളും കൂട്ടിചേർത്ത് ഓഫ് ക്യാമ്പസ് വികസിപ്പിക്കാൻ മാനേജുമെന്റ് ഈ വർഷം തീരുമാനിക്കുന്നു.

മഹാകലാലയത്തെ ഒരു സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനമായി മാററിയെടുക്കുന്ന അണിയറ നീക്കങ്ങൾ ചെറുക്കുന്നതിന് കോളജിന്റെ അഭ്യുദയകാംക്ഷികൾ, യു.സി.കോളജ് സംരക്ഷണ സമതിക്ക് ജൂൺ 19-ന് കോളജിൽ കൂടിയ യോഗം രൂപം നൽകി.

---

ത്. കിപ്പർ ബെൽറ്റിലെ മൂന്നാമത്തെ വലുപ്പമുള്ള ഒരു വസ്തു 2001 ൽ കണ്ടുപിടിക്കപ്പെട്ടു- പേര് , വേദങ്ങളിലെ വാനദേവനാമം - വരുണ. മറ്റൊന്ന് - ക്വോർ ! റഡ്-ഇന്ത്യക്കാരുടെ ദേവന്റെ നാമം !

**(5) ചൊവ്വയിൽ ജീവൻ നടുന്നു.**

1962 ലെ സോവിയറ്റ് യൂണിയന്റെ 'പ്രോബ് മാർസ് -1' മുതൽ അമേരിക്കയുടെ 'ഓപ്പർട്യൂണിറ്റി' വരെ നിരവധി പര്യവേക്ഷണ വാഹനങ്ങൾ അന്വേഷിച്ചത് ചൊവ്വയിൽ ജീവനുണ്ടോ എന്നാണ്. ചൊവ്വയിൽ കൊടും ശൈത്യവും ഓക്സിജന്റെ അഭാവവുമാണ്.(0.15 % ഓക്സിജനേ ഉള്ളു). കൂടാതെ 95% കാർബൺഡയോക്സൈഡ് വാതകവുമുണ്ട്. ജീവന് രക്ഷയില്ല !. മനുഷ്യരല്ലേ ആളുകൾ ? വിടുമോ? ഈ ദുഷ്കര കാലാവസ്ഥയിൽ ജീവിക്കാൻ കഴിയുന്ന ആർക്കി ബാക്ടീരിയയെ അവിടെ ജീവിപ്പിക്കാൻ ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ആർക്കി ബാക്ടീരിയ ഇനത്തിലെ മെത്തനോജൻ ബാക്ടീരിയ ഇ അശുഭ കാലാവസ്ഥയെ അതിജീവിക്കുമെന്ന പ്രതീക്ഷയിൽ ചൊവ്വയിലെ അന്തരീക്ഷത്തിന് സമാനമായ ഒന്ന് ഒരു പേടകത്തിൽ സൃഷ്ടിച്ച് പരീക്ഷണം തുടങ്ങി കഴിഞ്ഞു !. ചൊവ്വയിൽ ജീവിക്കാൻ മെത്തനോജൻസ് 'മിടുക്ക'രാണെന്ന് തെളിഞ്ഞിരിക്കുന്നു. 'മെക്സ് എയ്റോഹോബ്' എന്നാണ് ചൊവ്വാ ദൗത്യത്തിന്റെ പേര്.

## ഓഫ് ക്യാമ്പസ് സമരം അധ്യാപക ധർണ്ണ (ജൂൺ 22)

കോളജിലെ ബഹുഭൂരിപക്ഷം അധ്യാപകരും ഓഫ് ക്യാമ്പസ് B.Com Courseനെതിരെ മാനേജ്മെന്റിന് നിവേദനം നൽകിയിരുന്നു.

ജൂൺ 22ന് രാവിലെ 9.30 മുതൽ 1 മണിവരെ കോളജിൽ എ കെ പി സി ടി എ ഓഫ് ക്യാമ്പസ് തീരുമാനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ധർണ്ണ സംഘടിപ്പിക്കുക ഉണ്ടായി. ധർണ്ണക്ക് മററ് അധ്യാപകരുടെ പിന്തുണയും ലഭിച്ചു. ജൂൺ 25ന് മാനേജ്മെന്റ് പ്രതിനിധികളുമായി സംഘടന നടത്തിയ ചർച്ച പരാജയപ്പെട്ടു.




## അനിശ്ചിത കാല നിരാഹാരസമരം (ജൂലായ്1)

സമരം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംരക്ഷണസമതിയുമായി കൂടി ആലോചിച്ച് ജൂലായ് ഒന്നു മുതൽ അനിശ്ചിതകാല നിരാഹാര സമരം ആരംഭിക്കുകയാണ് ഉണ്ടായത്. ഇംഗ്ലീഷ് വിഭാഗം മേധാവിയും എ കെ പി സി ടി എ ബ്രാഞ്ച് പ്രസിഡന്റുമായ പ്രൊഫ. എ.എം.ഗീവർഗ്ഗീസ് നിരാഹാരം ആരംഭിച്ചത്. ജൂലായ് 1–ാം തീയതി ഒരു മണിക്ക് എ കെ പി സി ടി എ പ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫ് നിരാഹാരസമരം ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികൾ അന്ന് മുതൽ സമരത്തിൽ പങ്കെടുത്തു. ജൂലായ് 2–ാം തീയതി മാനേജ്മെന്റ് ചർച്ചകൾക്ക് വിളിക്കുകയും ചർച്ചയിൽ മേൽപറഞ്ഞ ആധാരണകൾ ഉണ്ടാക്കുകയും, യു.സി.കോളജ് മാനേജറും അധ്യാപക പ്രതിനിധിയും വ്യവസ്ഥകൾ ഒപ്പു വെക്കുകയും ഉണ്ടായി. തുടർന്ന് കോളജ് സംരക്ഷണസമിതി ചെയർമാൻ ഡോ. ജോയി ജോബ് കുളവേലിൽ നാരങ്ങാനീർ പ്രൊഫ. എ. എം. ഗീവർഗ്ഗീസിനു നൽകിക്കൊണ്ട് നിരാഹാരസമരം അവസാനിപ്പിച്ചു. സമരത്തെ സഹായിച്ച എ കെ പി സി ടി എ സംസ്ഥാന ജില്ലാ നേതാക്കൾ, സംരക്ഷണ സമതി നേതാക്കൾ, പുരോഗമന പ്രസ്ഥാനത്തിന്റെ നേതാക്കൾ, യു.സി.കോളജിലെ മുഴുവൻ വിദ്യാർത്ഥികൾ കോളജിലെ അധ്യാപകർ എല്ലാവരുടെയും സഹായ സഹകരണങ്ങൾ കൃതജ്ഞതയോടെ സ്മരിക്കുന്നു. നമ്മുടെ കലാലയങ്ങളിലെ ചെറിയ ചെറിയ ചെറുത്തുനിൽപ്പ് ഇപ്പോഴും പ്രസക്തമാണ്. അതിന് നമ്മുടെ മേഖലയുടെ നിലനിൽപ്പിനും വളർച്ചക്കും ഇടയാക്കുമെന്നതിൽ സംശയമില്ല.



# CURRENT BOOKS THRISSUR

ROUND WEST ,THRISSUR 680 001
PH: 0487-2335660,FAX:0487-2335642

## PUBLISHERS & DISTRIBUTORS FOR

Malayalam, English, Children's Literature, Fiction, Drama, Cinema, Journalism, Poetry, Philosophy, Psychology, Sociology, Politics, History, Economics, Commerce, Mathematics, Botany, Zoology, Chemistry, Physics, Medical, Computer, Engineering, Law, Electronics, Mechanical, Civil, Chemical Engineering, Veterinary, Agriculture, Aquaculture, etc.

## COSMO BOOKS

Round West, Thrissur-680 001 Phone:0487-2335292
E-mail:cosmobooks@sancharnet.in

### BRANCHES

Kozhikode
Rly.Station Link Road
Ph:0495-2703487
Fax:0495-2700049
E-mail:cosmoboo@sancharnet.in

Ernakulam
Press club Road
Ph:0494-2353818

## COSMOBOOKS

(SCHOOL DIVISION)
Room No.10/342 B-1, Taj Complex, PM Taj Road,
Kozhikode-673 001, Phone:2724622

# Migration & Sex Ratio

*Dr.P.S Mohanakumar*
S.S. College, Kalady

The sex ratio (number of females per 1000 males) stayed low in north Indian states as per the 2001 census data. Demographers analyse it as fertility decline and son preference 'Leading to missing women'. There is a strong dis-preference for women in many northern states. By then women are socially constructed as inferior, less valuable sex and are often projected as burden on the family. Son's are considered valuable for various reasons viz. support to parents in old age, continuing the lineage, inheriting property etc.The recent technolog is focilitating 'son preference' leading to the elimination of girl children before birth. The sex ratio in Hariyana &Punjab is 800 which imply that there are only 4 women available for every 5 men. This means that one of every 5 men will not have a local girl to marry. In future men are likely to resort to capusing and abducting women for marriage or like Koreans one has to import girls from neighbouring states, or we have to return to polyandry with one women being shared among several brothers. There is an unusual shortage of mariageble girls in the north. Men fron UP , Hariyana, Punjab and Rajasthan are marrying women from West Bengal, Assam, Bihar, A.P and Tamil Nadu. These unusal marriages are due to adverse sex ratio, poverty and desire to parents to escape dowry. Brides are mainly from states having higher sex ratio while receiving states are those having lower sex ratio. The sex ratio as per 2001 census are given below.

| Higher Sex Ratio States | |
|---|---|
| Assam | 932 |
| W. Bengal | 934 |
| A.P. | 978 |
| Tamil Nadu | 986 |

| Low Sex Ratio States | |
|---|---|
| Hariyana | 861 |
| Punjab | 874 |
| U.P. | 898 |
| Rajasthan | '922 |

*(EPW June 19-25, 2004)*

# Clearing Corporation of India (CCIL)

The Clearing Corporation of India has emerged as a pivotal institution for the dissemination of trade information relating to money, government securities and foreign exchange markets. The Negotiated Dealing System (NDS) which became operational in February 2002, has become mandatory for market players for reporting on its screen not only deals in government secrities but also call and notice money market deeds, complete information is available in the NDS, CCIL facilities clearing and offers garantee on settlement of trades, though RBI continues to have a responsibilities of ensuring a fool proof insitutional arrangements. Most

of the government security transactions are now guaranteed by the CCIL. CCIL has recently launched and innovative money market instrument combining the characteristics of both money and repo transactions. CCIL will also relase week by week sets of data of government securities and forex transactions.

## Commom Minimum Programme

Th UPA, Government supported by left parties will have six basic principles for governance.

1. To preserve, protect and promote social harmony
2. To ensure that the eonomy grows at least 7-8% per year in a sustained manner over a decade in manner that generating employment
3. To enhance the welfare and well - being of farmers, farm labour and workers.
4. To fully empower women politically educating, economically and legally.
5. To provide for full equality of opportunithy particularly in education and employment of SC,ST, OBC and religious minorities.
6. To unleash the creative energies of our enterprises, businessman, scientist, engineers and all othedr professionals and productive forces of society.

# Long Live E.K. Nayanar

**Prof. K.V. Dominic,**
Newman College, Thodupuzha

"Long live E.K. Natanar"
This mantra is being muttererd
By milliions of your comrades.
We are in a trance
Since you bade us "Good bye".
It is impossible to believe
That our dearest C.M. is no more.
How millions loved you
Could be clearly seen
When you had your 'final journey'.
No rain could stop them;
No sleep could retreat them;
Thus mourning with the Nature,
Your people swarmed round your body,
Bidding "Lal Salaam, Lal Salaam".
You were a true Communist;
A Communist in all aspects;
An epitome of Socialism.
Yet did give due respect
To others who differed from you.
How memorable are your speeches!
Deep sounding like a bassoon,
It stirred and the public cheered.
Was it mere rhetoric
That enchanted your audience?
Nay, the words came from your heart;
And you meant what you spoke.
The public never doubted
Even a word you uttered
Such was your charisma,
Which reminds us of Gandhi.
You were truly a patriot,
Who had no foes but friends.
The tears of the poor.
The miseries of the wretched,
The suffereings of the downtrodden,
Pricked your heart often.
As a champion of the proletariat
You truly followed AKG and EMS.
But what makes you different
Is your genuine sense of humour,
Which very few Socialists possess.
Though we missed you on this planet,
Still wer gaze you in the sky.
You are our polestar,
Who saves us from the Darkness.
And we do firmly believe
That you will continue to guide us
To a Socialist nation tomorrow.

# ഇററലിയിലെ പുതിയ കരിക്കുലം വിവാദമായി

ഡോ. എം. ആർ സുദർശനകുമാർ,
എം.ജി. കോളജ്, തിരുവനന്തപുരം

പതിനൊന്ന് മുതൽ പതിനാല് വയസ് വരെയുള്ളവർക്ക് ഇററലിയിൽ നടപ്പിലാക്കിയ പുതിയ പാഠ്യപദ്ധതി ശാസ്ത്രസമൂഹത്തിന്റെ വൻ എതിർപ്പിന് കാരണമായി. ഡാർവിന്റെ പരിണാമസിദ്ധാന്തം എടുത്തു കളഞ്ഞതാണ് ശാസ്ത്രജ്ഞരെ ചൊടിപ്പിച്ചത്. ഫെബ്രുവരിയിൽ പാസാക്കിയ പുതിയ നിയമമനുസരിച്ച് ശാസ്ത്രത്തിന് ആഴ്ചയിൽ മൂന്നു മണിക്കൂറുണ്ടായിരുന്നത് ഒരു മണിക്കൂറായി കുറച്ചു. കൂടാതെ ഭൂമിയുടെയും ജീവന്റെയും ഉത്ഭവത്തെക്കുറിച്ചുള്ള ഭാഗങ്ങൾ പാഠ്യപദ്ധതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്തു. ഇററലിയിലെ നാഷണൽ സയൻസ് അക്കാദമിയുടെ എതിർപ്പും ബഹുജന പ്രതിഷേധവും മൂലം പുതിയ പാഠ്യപദ്ധതി നടപ്പാക്കുന്നതിൽ നിന്നും ഏപ്രിലിൽ സർക്കാർ പിന്തിരിഞ്ഞു.

അമേരിക്ക ഇന്ത്യയിൽ നിന്നും പാഠം പഠിക്കട്ടെ2

ലോകത്തിലെ ഏററവും വലിയ ജനാധിപത്യ രാഷ്ട്രമായ ഇന്ത്യയിൽ നടന്ന തിരഞ്ഞെടുപ്പിൽ എല്ലാവരും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ചാണ് വോട്ട് രേഖപ്പെടുത്തിയത്. 10 ലക്ഷം വോട്ടിംഗ് മെഷീനുകൾ ഇതിനുവേണ്ടി ഉപയോഗിച്ചു. എന്നാൽ ഈ വർഷം നടക്കുന്ന അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ 20% പേർ മാത്രമേ ഇലക്ട്രോണിക് വോട്ടിംഗ് രേഖപ്പെടുത്തുകയുള്ളൂ. ഇന്ത്യയിലെ തെരഞ്ഞെടുപ്പ് അനുഭവത്തിൽ നിന്നും അമേരിക്കക്ക് ഒന്നോ രണ്ടോ പാഠം തീർച്ചയായും പഠിക്കാം.

## ററി–കിരണങ്ങൾ3

ഇൻഫ്രാറെഡിനും മൈക്രോവേവിനു മിടയിൽ ആവൃത്തി (frequency) യുള്ള തരംഗങ്ങളാണ് ററി–കിരണങ്ങൾ (T-rays) അഥവാ ടെട്രാഹെർട്സ് രശ്മികൾ. ത്വക്കിൽ തുളച്ചു കയറാൻ സാധിക്കുന്നതുകൊണ്ട് ഇവ ത്വക് കാൻസർ കണ്ടുപിടിക്കുവാൻ ഉപയോഗപ്രദമാണ്. കേംബ്രിഡ്ജിലെ അഡൻബ്രൂക്ക് ആശുപത്രിയിൽ ഇതു സംബന്ധിച്ച് നടത്തിയ പ്രാഥമിക പരീക്ഷണങ്ങൾ പ്രോത്സാഹജനകമാണ്.

## മൊബൈൽ ഫോൺ പുരുഷന്മാരുടെ പ്രത്യുല്പാദനക്ഷണത കുറയ്ക്കും 4.

മൊബൈൽ ഫോൺ സ്ഥിരമായി കൊണ്ടു നടക്കുന്ന പുരുഷൻമാരുടെ പ്രത്യുല്പാദനക്ഷമത 30% കണ്ട് കുറയുമെന്ന് ഗവേഷണ പഠനം വെളിപ്പെടുത്തി. ആദ്യമായാണ് പുരുഷന്റെ പ്രത്യുല്പാദനക്ഷമതയെ മൊബൈൽ ഫോണിൽ നിന്നുള്ള വികിരണം ദോഷകരമായി ബാധിക്കുമെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. പാന്റ്സിന്റെ പോക്കററിലും ബൽററിലും മൊബൈൽ ഫോൺ കൊണ്ടു നടക്കുന്നതാണ് ഏററവും ദോഷകരം. ബാഗിലോ ബ്രീഫ് കേയ്സിലോ മൊബൈൽ ഫോൺ കൊണ്ടു നടക്കുവാൻ ഗവേഷകർ ഉപദേശം നൽകുന്നു. മൊബൈൽ ഫോൺ ഉപയോഗിക്കുന്നവരും അല്ലാത്തവരുമായ 221 പുരുഷന്മാരിൽ 13 മാസം താരതമ്യ പഠനം നടത്തിയാണ് ഈ കണ്ടെത്തലിൽ എത്തിച്ചേർന്നത്.

References

1. Physics world, June 2004 P.8
2. New scientist, 22 May 2004, P.4
3. New scientist 17 April. 2004, P.17
4. The sunday Times 27 July 2004, P.1

വാർത്തകൾ

# അനധികൃത പിരിവ്: പ്രിൻസിപ്പൽമാർക്കെതിരെ നടപടി വേണം

പ്രവേശന സമയത്ത് വിദ്യാർത്ഥി കളിൽനിന്ന് അനധികൃതപിരിവ് നടത്തുന്ന എയ്ഡഡ് കോളേജ് പ്രിൻസിപ്പൽമാർക്കെതിരെ യൂണിവേഴ്സിററികൾ നടപടി എടുക്കണമെന്ന് എ കെ പി സി ടി എ ആവശ്യപ്പെട്ടു.

സർക്കാരും സർവകലാശാലയും നിശ്ചയിച്ച ഫീസ് പിരിക്കാൻ മാത്രമാണ് പ്രിൻസിപ്പലിന് അധികാരമുള്ളത്. ഇതിനു വിരുദ്ധമായി മാനേജർമാരുടെ ഇംഗിതമനുസരിച്ച് പ്രിൻസിപ്പൽമാർ രസീതു നൽകിയും അല്ലാതെയും വിവിധ ഇനങ്ങളിലായി അനധികൃത പിരിവ് നടത്തുന്ന പ്രവണത വർധിച്ചുവരികയാണ്. ഇക്കാര്യം പരിഗണിക്കുന്നതിന് സർവകലാശാലകൾ പ്രത്യേക മോണിററിങ്ങ് സംവിധാനം ഏർപ്പെടുത്തണമെന്ന് എ കെ പി സി ടി എ പ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫും ജനറൽ സെക്രട്ടറി പ്രൊഫ. എ.പ്രതാപചന്ദ്രൻ നായരും ആവശ്യപ്പെട്ടു.

## തിരുവനന്തപുരം ജില്ല

# കോളജുകളിലെ അനധികൃത പിരിവ് അവസാനിപ്പിക്കണം.

എയ്ഡഡ് കോളജുകളിൽ അഡ്മിഷനുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളിൽ നിന്ന് അമിനിററി ഫണ്ട് എന്ന പേരിൽ അനധികൃതമായി നടത്തുന്ന പിരിവിനെതിരെ സർക്കാരും സർവകലാശാലയും ശക്തമായ നടപടിയെടുക്കണമെന്ന് എ കെ പി സി ടി എ ജില്ലാ കമ്മററി ആവശ്യപ്പെട്ടു. രക്ഷാകർത്താക്കൾ സ്വമേധയാ കോളജ് വികസനഫണ്ടിലേക്ക് നൽകുന്ന സംഭാവന രസീതു നൽകി നിയമാനസൃതമായി പ്രവർത്തിക്കുന്ന പി ടി എകൾക്ക് സ്വീകരിക്കാവുന്നതാണ്. മാനേജർമാരുടെ നിർദ്ദേശം അനുസരിച്ച് എം.ജി, വി ടി എം, കരമന എൻ എസ് എസ് കോളജുകളിലെ പ്രിൻസിപ്പൽമാർ വിവിധ ഇനങ്ങളിലായി അനധികൃത പിരിവ് അടിയന്തരമായി അവസാനിപ്പിക്കണമെന്ന് അസോസിയേഷൻ ജില്ലാ സെക്രട്ടറി പ്രൊഫ. കെ എൽ വിവേകാനന്ദൻ ആവശ്യപ്പെട്ടു.

# വിദ്യാഭ്യാസ വ്യവസായം: ധനമന്ത്രിയുടെ പ്രസ്താവന കോടതിയലക്ഷ്യം

വ്യവസായം പോലെ വിദ്യാഭ്യാസവും മൂലധന നിക്ഷേപകന് ലാഭം ലഭ്യമാക്കേണ്ട മേഖലയാണെന്ന ധനമന്ത്രി കെ.ശങ്കരനാരായണന്റെ പ്രസ്താവന സുപ്രീംകോടതി ബഞ്ചിന്റെ വിധിയുടെ നിഷേധമാണെന്ന് ഓൾ കേരള പ്രൈവററ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ ചൂണ്ടിക്കാട്ടി.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ ധർമ്മസ്ഥാപനങ്ങൾ ആണെന്നും അവ തലവരിപ്പണം ഈടാക്കുന്നതും ലാഭമുണ്ടാക്കുന്നതും കുററകരമാണെന്നും കോടതി വിധിയിൽ പറയുന്നുണ്ട്.

ധനമന്ത്രിയുടെ പ്രസ്താവന യു ഡി എഫ് നയത്തിനും കേന്ദ്ര സർക്കാരിന്റെ പൊതുമിനിമം പരിപാടിക്കും ചേരുന്നതാണോ എന്ന് മുഖ്യമന്ത്രി വ്യക്തമാക്കണമെന്ന് എ കെ പി സി ടി എ പ്രസിഡന്റ് തോമസ് ജോസഫും ജനറൽ സെക്രട്ടറി എ.പ്രതാപചന്ദ്രൻനായരും ആവശ്യപ്പെട്ടു.

# വമ്പിച്ച വിജയം

ശിവഗിരി എസ്. എൻ കോളജ് പി.ടി. എ തിരഞ്ഞെടുപ്പിൽ എ. കെ. പി. സി. ടി. എയ്ക്ക് വമ്പിച്ച വിജയം. ഡോ. നന്ദകുമാർ ദാമോദരപ്രസാദ് (സെക്രട്ടറി), ഡോ. ടി. കെ. സുഷമ, പ്രൊഫ. ബി. ഭുവനേന്ദ്രൻ, ഡോ. ജയസേനൻ എന്നിവർ എക്സിക്യൂട്ടീവ് അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടു.

# എ. കെ. പി. സി. ടി. എയ്ക്ക് എതിരില്ല.

ചെമ്പഴന്തി എസ്. എൻ. കോളജ് സ്ററാഫ് കൗൺസിൽ തിരഞ്ഞെടുപ്പിൽ പ്രൊഫ. കെ. എൽ. വിവേകാനന്ദൻ, കെ. കൊച്ചുനാരായണൻ എന്നിവരെ എതിരില്ലാതെ തിരഞ്ഞെടുത്തു.

ചെമ്പഴന്തി എസ്. എൻ. കോളജ് പി. ടി. എ തിരഞ്ഞെടുപ്പിൽ പ്രൊഫ. ടി. സുരേഷ് (സെക്രട്ടറി), പ്രൊഫ. ഐ. ജി. ഷിബു, പ്രൊഫ. എം. ഡി. രതീഷ്കുമാർ, പ്രൊഫ. പി. കെ. വിശ്വനാഥൻ, എന്നിവരെ എക്സിക്യൂട്ടീവ് അംഗങ്ങളായി തിരഞ്ഞെടുത്തു.

## ഡോക്ടറേറ്റ്



ഒറ്റപ്പാലം എൻ. എസ്. എസ് കോളജ് അദ്ധ്യാപകൻ **ശ്രീ. ജയപ്രകാശിന്** കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് ലഭിച്ചു. "മലയാള ഭാഷയുടെ വിഭക്തി വ്യാകരണം" എന്നതായിരുന്നു ഗവേഷണ വിഷയം. കാലിക്കറ്റ് യൂണിവേഴ്സിറ്റി മലയാള വിഭാഗത്തിലെ പ്രൊഫസ്സർ ഡോ. ഗോപിനാഥൻനായരുടെ മേൽനോട്ടത്തിലാണ് ഗവേഷണം നടത്തിയത്.



കോട്ടയം ബസേലിയസ് കോളജ് കെമിസ്ട്രി വിഭാഗം അദ്ധ്യാപിക **അന്നമ്മകുര്യന്** മഹാത്മഗാന്ധി സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് ലഭിച്ചു.
Effect of Soft segment length on natural Rubber/ Polyurethane block copolymers എന്ന ഗവേഷണ പ്രബന്ധത്തിനാണ് പി.എച്ച്.ഡി ലഭിച്ചത്. ഡോ.എം. ആർ. ഗോപിനാഥൻനായരുടെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.

# അഭിനന്ദനങ്ങൾ

## പ്രബന്ധനാവതരണത്തിന് ക്ഷണം



പയ്യന്നൂർ കോളജിലെ ഹിന്ദി വകുപ്പിലെ റീഡറായ **ഡോ.സി.പി.വി വിജയകുമാരന്** അമേരിക്കയിൽ വാഷിംഗ്ടൺ ഡി.സിയിലെ മേരിലാന്റ് യൂണിവേഴ്സിററിയിൽ ജൂലായ് 9–11 തീയതികളിൽ നടക്കുന്ന "വർത്തമാന ആഗോള സന്ദർഭത്തിൽ ഇന്ത്യയുടെ ബൗദ്ധിക പാരമ്പര്യം" എന്ന സെമിനാറിൽ പ്രബന്ധാവതരണത്തിന് ക്ഷണം ലഭിച്ചിരിക്കുന്നു. ഇദ്ദേഹത്തിന് ഇംഗ്ലണ്ടിൽ അബെരിസ്ററിത്തിലെ വേൽസ് യൂണിവേഴ്സിററിയിൽ ജൂലായ് 21–24 തീയതികളിൽ നടക്കുന്ന **"സമകാലിക ഐതിഹ്യസമ്മേളനത്തിന്റെ 22–ാമത് അന്താരാഷ്ട്ര പരിപ്രേക്ഷ്യം"** എന്ന സെമിനാറിലും വിഷയാവതരണത്തിന് ക്ഷണം ലഭിച്ചിട്ടുണ്ട്.

നേരത്തേ അമേരിക്കയിൽ മിയാമിയിലെ ഫ്ളോറിഡാ അന്താരാഷ്ട്ര യൂണിവേഴ്സിററിയിൽ പ്രബന്ധാവതരണം നടത്തിയിട്ടുള്ള സി.പി.വി വിജയകുമാരൻ ഇതിനകം 83 ദേശയീയ അന്തർദേശീയ സെമിനാറുകളിൽ പങ്കെടുത്തു. ഹിന്ദിയിൽ മൂന്നും, മലയാളത്തിൽ രണ്ടും പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.


## ബ്രാഞ്ച് സെക്രട്ടറിമാരുടെ ശ്രദ്ധയ്ക്ക്

ജേർണലിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനം, ചെറുകഥ, കവിത തുടങ്ങിയ സാഹിത്യ സൃഷ്ടികൾ, സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾ, തീസിസ് അബ്സ്ട്രാക്ടുകൾ, വിജ്ഞാന പ്രദങ്ങളായ കുറിപ്പുകൾ, മററു വാർത്തകൾ, ഫോട്ടോകൾ, പരസ്യങ്ങൾ ഇവയൊക്കെ ചീഫ് എഡിററർക്ക് അയയ്ക്കുക.

***വാർഷിക വരിസംഖ്യ 75 രൂപ മാത്രം***

പരസ്യങ്ങൾക്കുള്ള താരിഫ് കാർഡുകൾ ജില്ലാ സെക്രട്ടറിയിൽ നിന്നോ മാനേജിംഗ് എഡിററിൽ നിന്നോ ലഭിക്കുന്നതാണ്.



***ചീഫ് എഡിറററുടെ വിലാസം: എസ്. ജയരാജ് കുമാർ***, ഗീതാഞ്ജലി, 79 ഉള്ളൂർ ഗാർഡൻസ്, കൊച്ചുള്ളൂർ, മെഡിക്കൽകോളേജ് പി.ഒ., തിരുവനന്തപുരം – 695 011 (ഫോൺ – 0471–2440004)

***മാനേജിംഗ് എഡിറററുടെ വിലാസം: വി. ജയകുമാർ***, ഐശ്വര്യ, ററി. സി. 55/494, ശാരദാ ഗാർഡൻസ് ലെയിൻ, നീറമൺകര, പാപ്പനംകോട് പി. ഒ, തിരുവനന്തപുരം– 695 018, ഫോൺ: 0471–2491432

***ഓഫീസ്***: എ.കെ.പി.സി.ടി.എ. സംസ്ഥാനകമ്മിററി ഓഫീസ്, മാതൃഭൂമി റോഡ്, വഞ്ചിയൂർ തിരുവനന്തപുരം – 695 035, ഫോൺ – 0471-2463494, Fax: 0471-2468984. e-mail:akpcta@sancharnet.in

www.akpcta.org

## The All kerala Private College Teachers' Association

The Principal Secretary
Finance Department
Government of Kerala
Thiruvananthapuram

Dated 22-6-2004

Sir

Ref: 1. GO (P) No. 279/2004/Fin Dated 16/6/2004
2. GO (P) No. 56/2002/Fin. Dated 16/01/2002
3. GO (P) No. 328/2003/Fin. Dated 19/6/2003

As per Ref. (1) above, Government have restored the benefit of surrender of earned leave for 20 days in a financial year, which was discontinued as per Ref. (2) above and partially restored as per Ref. (3) above. We understand that the restoration of the benefit is intended to be applicable to all employees and teachers who were denied the benefit as per order under ref.(2) . However, the intention of the Government is not clearly reflected in the wording of the order, which only identifies Government employees as the beneficiaries. The ambiguity in the wording could lead to denial of benefits to teachers and other employees

Hence we request that the above order be revised by specifically listing all categories of employees and teachers, including private college teachers, as is usually done while issuing orders revising Dearness Allowance, payment of arrears etc.

Yours faithfully

A.Prathapachandran Nair
General Secretary,AKPCTA

## ഡിഗ്രി, പി.ജി അഡ്മിഷന് അനധികൃത പിരിവ് പാടില്ല.

UNIVERSITY OF KERALA

Academic B Sn/2004.

CIRCULAR

Sub: *illegal Collection of fees by Colleges- Degree/ P.G. admission- reg-*

The University has received a complaint that several Colleges are collecting amounts other than those prescribed by the University/ State Government , from students seeking admission to the Degree/ P.G. Courses.

Hence, the Principals of affiliated Colleges are directed not to collect any amount other than the fee prescribed by the University/ Government from students seeking admission to the courses.

Deputy Registrar (Acad.II)
For Registrar


Read and Subscribe

KERALA PRIVATE COLLEGE TEACHER
*a monthly journal of AKPCTA*

*for copies contact*

*Chief Editor*
**Dr. S. Jayaraj kumar**
Geethajali,
79 Ulloor Gardens,
Kochulloor, Medical College P.O.
Thiruvananthapuram-695011
Phone: 0471-2440004

*Managing Editor*
**V. Jayakumar**
Aiswarya, TC 55/494,
Sarada Gardens Lane,
Neeramankara, Pappanamcode P.O.
Thiru vananthapuram-695018
Phone: 0471-2491432

Annual Subscribtion Rs. 75/-

R.No. 36025/81
No. 185
KERALA PRIVATE COLLEGE TEACHER
Registered. No. KL/TV (N) 35/2003-2005
Rs.11/- JULY 2004

# CSIR- UGC
# JRF/ LECTURESHIP

*Success oriented coaching is going on in our institute in the disciplines.*

- PHYSICAL SCIENCE
- CHEMICAL SCIENCE
- LIFE SCIENCE
- MATHEMATICS
- STATISTICS

Classes for both subject & General Papers.

*Classes handled by a team of experts, headed by*

**PHYSICS** - **Dr. G. Arul Das** (Formerly Professor & Head of Physics & Dean, Faculty of Science, University of Kerala)

**MATHEMATICS** - **Prof. Joshua Devaraj. E** (Formerly Christian College, Marthandam)

**BOTANY** - **Dr. P. Sreedevi** (Hon. Director of Research, Dept. of Botany, M.G. College, Tvpm)

**New batches for December 2004 Examination started**

CSC

**COMPETITION SLOG CENTRE**

*Gandhari Amman Coil Junction, Pulimoodu,*
*Thiruvananthapuram-1, Ph: 2320679*

Edited, Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35, Phone: 2463494, Fax: 0471-468984, e-mail: akpcta@sancharnet.in, www.akpcta.org, at SB Press (P) Ltd. College Lane, Thiruvananthapuram-1. Phone: 2471904, Fax: 2478013, 2471904, Typeset: Genial, Tvpm. Phone: 2325789, Chief Editor: S. Jayaraj Kumar